# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2025 നവംബർ 20 | ദീപം 58 | നാളം 37 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org


# ‘വിശ്വാസികളുടെ മാതാവ്’ പറയുന്നത്



**ഏകരക്ഷകനും ലോകരക്ഷകനും ഈശോമിശിഹാ മാത്രമാണ് എന്നതാണ് സഭയുടെ അനന്യമായ വിശ്വാസപ്രഘോഷണം. പരിശുദ്ധമറിയം സഹരക്ഷക എന്നു പറയുമ്പോൾ മിശിഹായുടെ രക്ഷാകർമം അതിൽത്തന്നെ അപൂർണമെന്നോ മറിയത്തിന്റെ സഹായം കൂടാതെ രക്ഷ സാധ്യമാവുകയില്ലായിരുന്നു എന്നോ, മിശിഹായും പരിശുദ്ധമറിയവുംകൂടിയാണ് രക്ഷ സാധ്യമാക്കിയതെന്നോ എല്ലാം വ്യാഖ്യാനിക്കപ്പെടുവാൻ സാധ്യതയുണ്ട്. ഈശോമിശിഹാ ഏകരക്ഷകൻ എന്ന സത്യം ആവർത്തിച്ചു പ്രഖ്യാപിക്കുകയാണ് സഹരക്ഷക എന്ന അഭിസംബോധന മറിയത്തിനു നല്കുന്നില്ല എന്നതിലൂടെ വ്യക്തമാക്കുന്നത്.**




ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ


### ആമുഖം

വിശ്വാസകാര്യങ്ങൾക്കുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയം തയ്യാറാക്കി 2025 നവംബർ ഏഴാം തിയതി ലെയോ പതിന്നാലാമൻ പാപ്പയുടെ അംഗീകാരത്തോടുകൂടി പ്രസിദ്ധീകരിച്ചതാണ് ‘വിശ്വാസികളുടെ മാതാവ് ’ എന്ന് വിവർത്തനം ചെയ്യാവുന്ന Mater Populi Fidelis (മാത്തർ പോപുളി ഫിദേലിസ്) വിശ്വാസികളായ ജനങ്ങളുടെ അമ്മ എന്ന പ്രബോധനരേഖ. കാലാകാലങ്ങളിൽ സഭയിൽ ശരിയായ പ്രബോധനങ്ങൾ നല്കുന്നതിനും തെറ്റായ പ്രബോധനങ്ങൾക്കെതിരേ ജാഗ്രതപുലർത്തുന്നതിനും മാർപാപ്പയെ സഹായിക്കുന്നതിനു സ്ഥാപിതമായിട്ടുള്ളതാണ് വിശ്വാസകാര്യങ്ങൾക്കുവേണ്ടിയുള്ള വത്തിക്കാൻ കാര്യാലയം. ഈ കാര്യാലയം ഇപ്പോൾ പ്രസിദ്ധീകരിച്ച പ്രബോധനരേഖയിലൂടെ ഈശോമിശിഹായുടെ രക്ഷാകരസംഭവത്തിൽ പരിശുദ്ധകന്യാമറിയത്തിന്റെ സ്ഥാനം എടുത്തുപറയുകയും മിശിഹായുടെ അനന്യമായ രക്ഷാകരദൗത്യത്തോടു ചേർത്ത് പരിശുദ്ധമറിയത്തിന്റെ സ്ഥാനം എപ്രകാരം മനസ്സിലാക്കണമെന്ന് ഒരിക്കൽക്കൂടി പ്രബോധിപ്പിക്കുകയുമാണ് ചെയ്യുന്നത്. ദൈവദൂതൻ മംഗളവാർത്ത അറിയിച്ചപ്പോൾ നല്കിയ സമ്മതം മുതൽ കാൽവരിയിൽ കുരിശിന്റെ ചുവട്ടിൽ നില്ക്കുന്നതുൾപ്പെടെ പരിശുദ്ധകന്യാമറിയം അനന്യമായ വിധത്തിൽ മിശിഹായുടെ രക്ഷാകരചരിത്രത്തോടു സഹകരിച്ചവളാണ്. അതുല്യമായ വിധത്തിൽ രക്ഷാകരസംഭവത്തോടു സഹകരിച്ചവളായതുകൊണ്ട് മറിയത്തെ സഹരക്ഷക എന്നു വിളിക്കണം എന്ന ആവശ്യം വിശ്വാസികളുടെ ഭാഗത്തുനിന്നും മരിയഭക്തിയുടെ പ്രത്യേക പ്രചാരകരായ ചില സംഘടനകളിൽനിന്നും സമൂഹങ്ങളിൽ ഉയർന്നിരുന്നു. ഔദ്യോഗികമല്ലാതെ പലരും പലയവസരങ്ങളിലും പരിശുദ്ധമറിയത്തെ അപ്രകാരം അഭിസംബോധന ചെയ്യുകയും ചെയ്തിരുന്നു.

ഈ സാഹചര്യത്തിലാണ് ദീർഘകാലത്തെ പഠനത്തിന്റെയും ചർച്ചകളുടെയും മാർപാപ്പമാരുടെ പ്രബോധനങ്ങളുടെയും പശ്ചാത്തലത്തിൽ ഈ വിഷയത്തെക്കുറിച്ച് സഭ ഔദ്യോഗികമായി ഒരു പ്രബോധനം നല്കുന്നത്. 80 ഖണ്ഡികകളിലായി 196 അടിക്കുറിപ്പുകളോടെ തയ്യാറാക്കിയിരിക്കുന്ന പ്രബോധനരേഖയാണിത്. വർഷങ്ങളായി വത്തിക്കാനിൽ മാർപാപ്പമാരുടെ പക്കലും, വിവിധ കാര്യാലയങ്ങളിലും ഇതേ വിഷയത്തെക്കുറിച്ചു വന്നിരുന്ന അഭിപ്രായങ്ങളുടെയും ആവശ്യങ്ങളുടെയും പഠനങ്ങളുടെയും അടിസ്ഥാനത്തിലാണ് ഇതു തയ്യാറാക്കിയിരിക്കുന്നത്. പരിശുദ്ധമറിയത്തെ സഹരക്ഷക എന്ന് അഭിസംബോധന ചെയ്യണമെന്നു പലയിടങ്ങളിൽനിന്നും ആവശ്യം ഉയർന്നിരുന്നുവെങ്കിലും സഭയിൽ ഒരിക്കലും ഔദ്യോഗികമായി ഈ അഭിസംബോധന ഉപയോഗിച്ചിരുന്നില്ല. 1996ൽ അന്നു വിശ്വാസതിരുസംഘത്തിന്റെ തലവനായിരുന്ന കാർഡിനൽ ജോസഫ് റാറ്റ്സിങ്ങർ (പിന്നീട് ബനഡിക്റ്റ് പതിനാറാമൻ പാപ്പ) ദൈവശാസ്ത്രപരമായ കാരണങ്ങൾകൊണ്ട് പരിശുദ്ധമറിയത്തെ സഹരക്ഷക, സകല കൃപാവരങ്ങളുടെയും നാഥ എന്നിങ്ങനെ വിളിക്കാൻ സാധ്യമല്ലെന്നു പ്രഖ്യാപിച്ചിരുന്നു. സഹരക്ഷക എന്ന അഭിസംബോധനയെക്കുറിച്ച് ഫ്രാൻസിസ് മാർപാപ്പാ പറഞ്ഞിരുന്നത് സ്നേഹം കൂടുമ്പോൾ ഉപയോഗിക്കുന്ന വാക്കുകൾ അതിശയോക്തി കലർന്നതായിരിക്കുമെന്നും അത്തരം വാക്കുകൾ ഒഴിവാക്കേണ്ടതാണ് എന്നുമാണ്. ഈ സാഹചര്യത്തിലാണ് ലെയോ പതിന്നാലാമൻ മാർപാപ്പയുടെ അംഗീകാരത്തോടെ വിശ്വാസകാര്യങ്ങൾക്കുവേണ്ടിയുള്ള വത്തിക്കാന്റെ കാര്യാലയം പുതിയ പ്രബോധനരേഖ പുറത്തിറക്കിയിരിക്കുന്നത്. ഇതു സഭയിൽ ഇതുവരെ പരിശുദ്ധ കന്യകാമറിയത്തിനുള്ള സ്ഥാനത്തിനോ ആദരവിനോ പരിശുദ്ധ അമ്മയോടുള്ള മധ്യസ്ഥപ്രാർഥനയ്ക്കോ ഒരു കുറവും വരുത്തുന്നതിനല്ല; മറിച്ച്, ഏകരക്ഷകനും മധ്യസ്ഥനുമായ ഈശോമിശിഹായുടെ രക്ഷാകരകർമത്തോടു ചേർന്ന് പരിശുദ്ധകന്യാമറിയത്തിനുള്ള സ്ഥാനം വ്യക്തമായി എടുത്തുകാണിക്കുന്നതിനുവേണ്ടിയാണ്.

പരിശുദ്ധ അമ്മയുടെ ദൈവമാതൃത്വവും മരിയഭക്തിയും സഭയുടെ അനർഘനിധിയായിട്ടാണ് സഭാമാതാവ് കാണുന്നത്. വിശ്വാസികളുടെ മാതാവ് എന്ന പ്രബോധനരേഖയിൽ മനുഷ്യകുലത്തിന്റെ രക്ഷകനായ ഈശോമിശിഹായുടെ രക്ഷാകരപദ്ധതിയിൽ മറിയത്തിനുള്ള അതുല്യമായ സ്ഥാനം എടുത്തുപറയുന്നുണ്ട്.

വിശുദ്ധഗ്രന്ഥത്തിന്റെയും സഭാപാരമ്പര്യത്തിന്റെയും പ്രബോധനങ്ങളുടെയും അടിസ്ഥാനത്തിൽ ഇക്കാര്യം ഈ പ്രബോധനരേഖയിൽ വ്യക്തമാക്കുന്നു. പരിശുദ്ധകന്യാമറിയത്തെക്കുറിച്ചുള്ള നാലു വിശ്വാസസത്യങ്ങളായി സഭ പഠിപ്പിക്കുന്നത് ഒരു കുറവുമില്ലാതെ സഭ ഇപ്പോഴും ഏറ്റുപറയുകയും അനന്യമായ ആദരവുകളോടെ പരിശുദ്ധമറിയത്തെ സഭ വണങ്ങുകയും അവളുടെ മാധ്യസ്ഥ്യം പ്രാർഥിക്കുകയും ചെയ്യുന്നു. പരിശുദ്ധ അമ്മ ദൈവമാതാവാണ് (431 ൽ എഫേസൂസ് സൂനഹദോസ്), നിത്യകന്യകയാണ് (649 ൽ ലാറ്ററൻ സൂനഹദോസ്), അമലോദ്ഭവയാണ് (1854ൽ ഒമ്പതാം പീയൂസ് പാപ്പ), സ്വർഗാരോപിതയാണ് (1950 ൽ പന്ത്രണ്ടാം പീയൂസ് പാപ്പ) എന്നിവയാണ്. ഇത് എല്ലാവരും വിശ്വസിക്കാൻ കടപ്പെട്ട വിശ്വാസസത്യങ്ങളായി സഭ പഠിപ്പിച്ചിട്ടുള്ളത്. സഭയുടെ ഈ പ്രബോധനങ്ങളോടു ചേർന്ന് എക്കാലവും സഭയിൽ പരിശുദ്ധ അമ്മയെ പ്രത്യേകമായി വണങ്ങുകയും ഈശോയുടെ രക്ഷാകരപദ്ധതിയിൽ പരിശുദ്ധ അമ്മയ്ക്കുള്ള അതുല്യസ്ഥാനം പ്രഘോഷിക്കുകയും ചെയ്യുന്നു.

▶ 05

# ആദർശരാഷ്ട്രീയത്തിന്റെ ആൾരൂപം

കുടിയേറ്റക്കർഷകരുടെ പ്രശ്നങ്ങൾ പത്രങ്ങളിൽ ചർച്ചയാകുമ്പോൾ പഴമക്കാരുടെ മനസ്സിൽ ഓർമ വരുന്ന ഒരു പേരുണ്ട് – 1957 മുതൽ 1967 വരെ കോട്ടയം പാർലമെന്റ് മണ്ഡലത്തെ പ്രതിനിധീകരിച്ച യശഃശരീരനായ മുൻ എം.പി. ശ്രീ. മാത്യു മണിയങ്ങാടൻ (എം.സി. മാത്യു). 2025 നവംബർ 14ന് അദ്ദേഹം അന്തരിച്ചിട്ട് 50 വർഷം പൂർത്തിയാകുന്നു.

രണ്ടാം ലോകമഹായുദ്ധത്തെത്തുടർന്നു കേരളത്തിലെ ജനങ്ങൾ നേരിട്ട പട്ടിണിയും ഭക്ഷ്യക്ഷാമവും പരിഗണിച്ച് അന്നത്തെ സർക്കാർ മലയോരമേഖലയിലെ കുടിയേറ്റത്തെ പ്രോത്സാഹിപ്പിച്ചിരുന്നു; അഥവാ അതു വേണ്ടതുപോലെ തടഞ്ഞില്ല. അതുമൂലം, ഹൈറേഞ്ചിലും മലബാറിലും കേരളത്തിലെ മറ്റു വനമേഖലകളിലും കുടിയേറ്റം ക്രമാതീതമായി. അന്നന്നുവേണ്ട അപ്പത്തിനും കുടുംബം പോറ്റാനും

**■ ഡോ. ജോർജ് വർഗീസ് കുന്തറ**

കുടിയേറിയ കർഷകമക്കളുടെ മറവിൽ കാട്ടുകള്ളന്മാരുടെ നേതൃത്വത്തിൽ വനം കൈയേറ്റവും വലിയ രീതിയിൽ കാടുനശിപ്പിക്കലും, കള്ളത്തടി വില്പനയും വന്യമൃഗഹിംസയും സംഘടിതമായും അസംഘടിതമായും വ്യാപകമായി. ഇതിന്റെ തിക്തഫലം അനുഭവിക്കേണ്ടിവന്നത് പാവം കൃഷിക്കാരാണ്. സർക്കാർ കണ്ട പോംവഴി, പട്ടയമില്ലാത്ത കർഷകരുടെ കുടിയിറക്കൽ എന്ന ഒരേയൊരു വഴി മാത്രമായി. ഇടുക്കിയിലെയും കേരളത്തിലെ മറ്റു വനമേഖലയിലെയും 'കുടിയേറ്റക്കർഷകരെ' അവർ കൃഷി ചെയ്തിരുന്ന ഭൂമിയിൽനിന്നു കുടിയിറക്കുക. കുടിയിറക്കുഭീഷണി 1950 കളിൽത്തന്നെ ഉണ്ടായി. തുടർന്ന് വിവിധ സ്ഥലങ്ങളിൽ കുടിയിറക്ക് ആരംഭിച്ചു. ഇത് ജനങ്ങളെ വൻപ്രക്ഷോഭത്തിലേക്കു നയിക്കാനുമിടയാക്കി എന്നതായിരുന്നു യാഥാർഥ്യം.

**കുടിയേറ്റക്കർഷകരുടെ 'മാഗ്ന കാർട്ട'**

വർഷങ്ങളോളം അധ്വാനിച്ച സ്ഥലത്തുനിന്നു പെട്ടെന്ന് ഇറക്കിവിടുന്നത് സാമൂഹികനീതിക്ക് എതിരാണ് എന്ന അഭിപ്രായം പരക്കെയുണ്ടായി. ഇതു കേരള സർക്കാർ കേന്ദ്രത്തിന്റെ ശ്രദ്ധയിൽ പെടുത്തുകയുമുണ്ടായി. പാർലമെന്റിൽ ഇതേക്കുറിച്ചു സജീവചർച്ചയുംവന്നു. തുടർന്ന് കുടിയേറ്റക്കർഷകരുടെ പരാതിയെക്കുറിച്ചു പഠിക്കാനും വേണ്ട ശിപാർശകൾ സമർപ്പിക്കാനുമായി അന്നത്തെ കോട്ടയം എം.പി. ശ്രീ മാത്യു മണിയങ്ങാടൻ ചെയർമാനായി 1960കളിൽ 'മണിയങ്ങാടൻ കമ്മിഷനെ' കേന്ദ്രം നിയോഗിച്ചു. പ്രൊഫ. കെ.എം.ചാണ്ടി ഒഴിച്ചുള്ള മറ്റംഗങ്ങളെല്ലാം വടക്കേയിന്ത്യയിൽ നിന്നുമുള്ളവരായിരുന്നു കുടിയേറ്റക്കർഷകർക്കു നീതി ലഭിക്കാതിരിക്കാൻ കേന്ദ്രസർക്കാർ കരുതിക്കൂട്ടി ചെയ്തതാണെന്ന ആക്ഷേപം വരെയുണ്ടായി. എന്നാൽ, കർഷകകുടുംബത്തിൽ ജനിച്ച മണിയങ്ങാടന്റെ സാന്നിധ്യം കേരളജനതയ്ക്കു ആശ്വാസം പകർന്നു. കമ്മിഷനെ നിയമിച്ചതോടെ കുടിയൊഴിപ്പിക്കൽ നീക്കങ്ങൾ താത്കാലികമായി കേരള സർക്കാർ നിർത്തിവച്ചു. തുടർന്ന് കമ്മീഷൻ സമർപ്പിച്ച ശിപാർശകൾ ഭൂരിഭാഗവും സർക്കാർ അംഗീകരിക്കുകയും (കേന്ദ്രവനനിയമത്തിന് എതിരല്ലാത്തവ), തുടർന്ന് 1968 ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. (G.O.(P)289/68/Agri. Dated, Trivandrum, 7th June, 1968.).

**ജനനവും വിദ്യാഭ്യാസവും**

പാലായ്ക്കു സമീപം കൊഴുവനാൽ ഗ്രാമത്തിൽ ഒരു ഇടത്തരം കർഷക കുടുംബത്തിലാണ് 1912 ഫെബ്രുവരി 12 ന് മണിയങ്ങാട്ട് ചാണ്ടിയുടെയും മേരിയുടെയും 5 മക്കളിൽ ഒരാളായി ശ്രീ മാത്യു ജനിച്ചത്. (ഫാദർ ലൂക്ക് മണിയങ്ങാട്ട് അദ്ദേഹത്തിന്റെ ജ്യേഷ്ഠസഹോദരനാണ്). മണലുങ്കൽ സെന്റ് അലോഷ്യസ് സ്കൂളിലും മുത്തോലി സെന്റ് ആന്റണി ഹൈസ്കൂളിലുമായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. തുടർന്ന് ഡിഗ്രിപഠനം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ. നിയമപഠനം തിരുവനന്തപുരം ലോ കോളജിൽനിന്നു പൂർത്തീകരിച്ചു.

ശ്രീ. മണിയങ്ങാടൻ, തമ്പലക്കാട്ടെ കതയനാട്ട് കുടുംബത്തിലെ തെരേസാ മാത്യു (ചാച്ചിക്കുട്ടി) വിനെയാണ് തന്റെ വധുവായി സ്വീകരിച്ചത്. 6 മക്കൾ

> **കുടിയേറ്റക്കർഷകരുടെ അവകാശങ്ങൾക്കു വേണ്ടി അക്ഷീണം പോരാടി ജനമനസ്സിൽ ഇടം നേടിയ, എംപിയും എംഎൽഎയുമായിരുന്ന യശഃശരീരനായ ശ്രീ മാത്യു മണിയങ്ങാടൻ അന്തരിച്ചിട്ട് 2025 നവംബർ 14 ന് അമ്പതുവർഷം.**

അവർക്കു ജനിച്ചു 4 പെണ്ണും 2 ആണും: മേഴ്സി, അമ്മിണി, ഡോ. അലക്സാണ്ടർ, സിസ്റ്റർ ആനിയമ്മ, ഡോ. റോസമ്മ, ജോജി. 1958 ൽ തന്റെ പ്രിയപത്നിയുടെ ആകസ്മികദേഹവിയോഗം അദ്ദേഹത്തെ വളരെയേറെ തളർത്തുകയുണ്ടായി.

**രാഷ്ട്രീയവും പൊതുപ്രവർത്തനവും**

ശ്രീ മണിയങ്ങാടൻ ആദ്യമായി നിയമസഭയിലെത്തുന്നത് 1952ൽ എ. ജെ. ജോൺ മുഖ്യമന്ത്രിയായിരുന്ന സമയത്താണ് – തിരുവിതാകൂർ – കൊച്ചി നിയമസഭയിൽ – മീനച്ചിൽ നിയോജകമണ്ഡലത്തിൽ



നിന്ന്. പിന്നീട് 1954 ൽ, വിജയപുരം മണ്ഡലത്തിലെ സ്ഥാനാർത്ഥിത്വം ഹരിജൻ ക്രൈസ്തവപ്രാതിനിധ്യത്തിനായി വിട്ടുകൊടുക്കുകയായിരുന്നു.

തന്നെപ്പോലെതന്നെ മറ്റുള്ളവരെയും കരുതിയിരുന്ന ശ്രീ. മണിയങ്ങാടൻ, പാർട്ടി ആവശ്യപ്പെടാതെതന്നെ ഒരു സംവരണസ്ഥാനാർഥിയായ ശ്രീ.പി.എം. മാർക്കോസിനുവേണ്ടി 1954 ൽ സ്ഥാനത്യാഗം ചെയ്തത് വലിയ വാർത്തയായി. കോൺഗ്രസ് പാർട്ടിപോലും അറിയാതെ അദ്ദേഹം കാണിച്ച ഈ മഹാമനസ്കത പലരെയും അദ്ഭുതപ്പെടുത്തി. വിജയം സുനിശ്ചിതമായിരുന്ന അവസരം പാഴാക്കിയതിനു പല സുഹൃത്തുക്കളും പാർട്ടിപ്രവർത്തകരും അദ്ദേഹത്തോടു പിണങ്ങുകയുണ്ടായി. എന്നാൽ, അദ്ദേഹം തന്റെ തീരുമാനത്തിൽ ഉറച്ചുനിന്നു.

**ലോക്സഭയിലേക്ക്**

1957ലെ ലോക്സഭ ഇലക്ഷൻ വന്നപ്പോൾ കോൺഗ്രസ് പാർട്ടിക്ക് കോട്ടയത്തുനിന്നു മണിയങ്ങാടനെയല്ലാതെ വേറൊരാളെ സ്ഥാനാർത്ഥിയായി ആലോചിക്കേണ്ടിപോലും വന്നില്ല. ഡിസിസി പ്രസിഡണ്ടായി നേരത്തേ സേവനമനുഷ്ഠിച്ചിരുന്നതിനാൽ തീരുമാനം ഏകകണ്ഠമായിരുന്നു. വലിയ ഭൂരിപക്ഷത്തോടെയാണ് തിരഞ്ഞെടുപ്പിൽ വിജയിച്ചത്. ആദ്യത്തെ വിജയം അഞ്ചു വർഷത്തിനുശേഷം 1962 ലും ആവർത്തിച്ചു – വീണ്ടും നല്ല ഭൂരിപക്ഷത്തോടെ. എന്നാൽ 1967ൽ, കേരളാകോൺഗ്രസ് പിറവിയെടുത്തതിനുശേഷമുണ്ടായ തിരഞ്ഞെടുപ്പിൽ, കമ്യൂണിസ്റ്റ് സ്ഥാനാർഥി കെ. എം. എബ്രഹാമിനോട് തോൽവി ഏറ്റുവാങ്ങേണ്ടിവന്നു. 1964 ൽ രൂപംകൊണ്ട കേരള കോൺഗ്രസ് പാർട്ടിയുടെ സ്ഥാനാർഥികൂടി മത്സരിച്ച തിരഞ്ഞെടുപ്പിൽ ത്രികോണമത്സരമാണ് മണിയങ്ങാടന്റെ തോൽവിയുടെ കാരണമായതെന്ന് രാഷ്ട്രീയനിരീക്ഷകർ അന്നു വിലയിരുത്തി. 1969 ൽ കോൺഗ്രസ് പിളർന്നപ്പോൾ എസ്. നിജലിംഗപ്പയുടെ കീഴിലുള്ള സംഘടനാകോൺഗ്രസിലേക്ക് മണിയങ്ങാടൻ ചേർന്നു. 1971 ൽ ഒരിക്കൽക്കൂടി ലോക്സഭയിലേക്കു മത്സരിച്ചെങ്കിലും വിജയിച്ചില്ല.

**റബ്ബർകർഷകരുടെ സുഹൃത്തും വക്താവും**

എം.പി.യായിരുന്നിടത്തോളം കാലം റബ്ബർ ബോർഡിൽ അംഗമായിരുന്ന അദ്ദേഹം ചെറുകിട റബ്ബർക്കർഷകരുടെ താത്പര്യങ്ങളെ എല്ലായ്പോഴും സംരക്ഷിച്ചിരുന്നു. ബോർഡിൽ വളരെ സ്വാധീനമുള്ള അംഗമായിരുന്ന അദ്ദേഹത്തിന്റെ മറ്റൊരു പ്രധാന സംഭാവന റബ്ബർ കർഷകർക്കു റബ്ബർ ബോർഡ് നൽകുന്ന റീപ്ലാന്റേഷൻ സബ്സിഡി ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടതായിരുന്നു.

റബ്ബർ കർഷകരുടെ താത്പര്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിൽ അദ്ദേഹം വളരെ സജീവമായിരുന്നു. ശ്രീ.മാത്യു മണിയങ്ങാടൻ, ശ്രീ.കെ.എം.ചാണ്ടി ശ്രീ.ടി.വി.ജോസഫ് തുമ്പശേരി എന്നിവരാണ് കേരളത്തിലെ ആദ്യത്തെ റബ്ബർ കർഷകസംഘടനയായ ഇന്ത്യൻ റബ്ബർ ഗ്രോവേഴ്സ് അസോസിയേഷൻ ആരംഭിക്കുന്നതിനു മുൻകൈ എടുത്തത്. തുടക്കത്തിൽ, അദ്ദേഹത്തിന്റെ വീട് അസോസിയേഷന്റെ ഓഫീസായി പ്രവർത്തിച്ചിരുന്നു. ഒരു സഹായിയുടെ അഭാവത്തിൽ സർക്കാരിലേക്കുള്ള അപേക്ഷകൾ ടൈപ്പ് ചെയ്യാൻ അദ്ദേഹം മകൻ അലക്സിനെയാണ് ഏല്പിച്ചിരുന്നത്. ഈ കഠിനാധ്വാനങ്ങളെല്ലാം റബ്ബറിന് ഉയർന്ന വില ലഭിക്കാൻ സഹായിച്ചു. ന്യായമായ ഉയർന്ന വില ലഭിക്കുന്നതിനായി മന്ത്രിമാരെയും മറ്റ് ഉദ്യോഗസ്ഥരെയും കാണാൻ അദ്ദേഹം പലപ്പോഴും ഡൽഹിയിൽ പോയിരുന്നു.

1969 ലെ പിളർപ്പിനുശേഷം ഇന്ദിരാഗാന്ധി പ്രധാനമന്ത്രിയായി തുടർന്ന അവസരത്തിൽ, റബ്ബർബോർഡിന്റെ ചെയർമാൻ സ്ഥാനം ശ്രീ. മണിയങ്ങാടനു വാഗ്ദാനം ചെയ്യപ്പെട്ടു, ഈ മേഖലയിലെ അദ്ദേഹത്തിന്റെ സംഭാവനകളെ അംഗീകരിക്കാനും അവരെ പാർട്ടിയിലേക്കു കൊണ്ടുവരാനും വേണ്ടിയായിരുന്നു അത്. എന്നാൽ, പ്രത്യയശാസ്ത്രപരമായ വ്യത്യാസങ്ങളുടെ കാരണത്താലും, സംഘടനാകോൺഗ്രസ് പാർട്ടിയിലെ ഉന്നതനേതാക്കളുമായുള്ള അടുത്ത ബന്ധംമൂലവും അദ്ദേഹമതു നിരസിക്കുകയാണുണ്ടായത്.

**ലാളിത്യം ജീവിതത്തിന്റെ മുഖമുദ്ര**

മുൻകാലങ്ങളിലെ പല രാഷ്ട്രീയനേതാക്കന്മാരെയുംപോലെ ലളിതജീവിതത്തിന്റെ ഉടമയായിരുന്നു ശ്രീ. മാത്യു മണിയങ്ങാടൻ. സ്വന്തമായി ഒരു വീടില്ലായിരുന്ന അദ്ദേഹം കോട്ടയത്ത് കളക്ട്രേറ്റിന് എതിർവശത്തായി, പഴയ ലൂർദ് പള്ളിക്കു സമീപം ഒരു വാടകവീട്ടിലായിരുന്നു താമസിച്ചിരുന്നത് – വളരെ പരിമിതമായ സൗകര്യങ്ങൾ മാത്രമുള്ള ഒരു വീട്. ജുബ്ബായും മുണ്ടുമായിരുന്നു അദ്ദേഹത്തിന്റെ വേഷം. സ്വന്തമായി വാഹനങ്ങളൊന്നുമില്ലാതിരുന്ന അദ്ദേഹത്തിന്റെ യാത്ര കൂടുതലും ബസ്സിലും ട്രെയിനിലും. താൻ മറ്റുള്ളവർക്കായി ചെയ്തുകൊടുത്തിരുന്ന സേവനങ്ങൾക്കു നേരിയ ഒരു പ്രതിഫലംപോലും കൈപ്പറ്റിയിരുന്നില്ല-അത്ര നിർബന്ധമായിരുന്നു ആ കാര്യത്തിൽ അദ്ദേഹത്തിന്.

നേടുന്നതോടൊപ്പം പലതും ഉപേക്ഷിക്കാനും ശ്രീ മണിയങ്ങാടൻ മടികാണിച്ചില്ല. അതിന് ഏറ്റവും വലിയ ഉദാഹരണമാണ് 1954 ൽ അസംബ്ലിസ്ഥാനാർത്ഥിത്വം വേണ്ടെന്നു വച്ചത്. ഒന്നും പ്രതിഫലമായി വാങ്ങാതെ അദ്ദേഹം നൽകിയ ശിപാർശകളുടെ ഫലമായാണ് തങ്ങൾക്കു ജോലി ലഭിച്ചതും സ്ഥാനമാനങ്ങൾ നേടിയതെന്നും പലരും പറഞ്ഞുകേട്ടിട്ടുണ്ട്.

അഞ്ചു പതിറ്റാണ്ടുകൾക്കുമുമ്പ് ശ്രീ. മാത്യു മണിയങ്ങാടൻ ഈ ലോകം വിട്ടുപോയെങ്കിലും, അദ്ദേഹത്തിന്റെ മഹത്തായ സംഭാവനകളും ആദർശങ്ങളും ഓർക്കാൻ അൻപതാം ചരമവാർഷികം നമുക്ക് അവസരമാകട്ടെ. ധന്യപ്രണാമം.

■

# ജീവിതയാത്ര



ഫാ. ജോസഫ് നെച്ചിക്കാട്ട്

ജർമനിയിലെ ഹെസ്സെ എന്ന സ്ഥലത്താണ് ഫോൾബ്രെബ്ക്റ്റ് നാഗൽ ജനിക്കുന്നത്-1867 ൽ. ചെറുപ്പത്തിലേ മാതാപിതാക്കൾ നഷ്ടപ്പെട്ട നാഗൽ ക്രമേണ അവിടത്തെ ബാസൽ മിഷൻ സമൂഹത്തിൽപ്പെട്ടുപോകുന്നുണ്ട്. എങ്കിലും, യേശുവിനോടുള്ള ആഴമേറിയ കൂറും സ്നേഹവും അദ്ദേഹത്തിൽ ഒന്നിനൊന്നിനു വേരൂന്നി വളർന്നുവന്നു. യേശുവിന്റെ സദ്വാർത്ത പൗരസ്ത്യപൂർവദേശങ്ങളിലെത്തിക്കാനുള്ള അഭിവാഞ്ഛ അദ്ദേഹത്തെ 1893 ൽ കണ്ണൂർപ്രദേശത്തെത്തിച്ചു. മൂന്നു കൊല്ലത്തിനുശേഷം അദ്ദേഹം കുന്നംകുളത്തേക്കു നീങ്ങുകയും മലയാളഭാഷ പഠിക്കുകയും ചെയ്തു. അവിടെവച്ച് അദ്ദേഹം നിർമിച്ച നിരവധി ഭക്തിഗാനങ്ങളിലൊന്നാണ് നമ്മുടെയൊക്കെ നാവിൻതുമ്പത്തുള്ളത്.

"സമയമാം രഥത്തിൽ ഞാൻ സ്വർഗയാത്ര ചെയ്യുന്നു.

എൻസ്വദേശം കാണ്മതിന്നായ് ഞാൻ തനിയെ പോകുന്നു."

നാം നിരന്തരം നീങ്ങിക്കൊണ്ടിരിക്കുകയാണ് നമ്മുടെ പിതൃഗൃഹത്തിലേക്ക് - തനിയെ. ഇതുതന്നെയാണ് തീർഥാടകസഭ എന്ന ശീർഷകത്തിൽ വത്തിക്കാൻ കൗൺസിൽ പറഞ്ഞുവയ്ക്കുന്നതും. ഈ ലോകത്തിനുവേണ്ടി വിളിക്കപ്പെട്ടവരല്ല നമ്മൾ; ഇവിടത്തെ സ്ഥിരതാമസക്കാരുമല്ല - കടന്നുപോകുന്നവരാണ്, പോകേണ്ടവർ! അതാണ് കൗൺസിലിന് തറപ്പിച്ചും ഉറപ്പിച്ചും പറയാനുള്ളത്. ശരീരത്തിൽ വസിക്കുന്നിടത്തോളംകാലം നാം കർത്താവിൽനിന്നകലെയാണ് (2 കൊറി. 5-6) അതുകൊണ്ടാണീ തീർഥയാത്ര.

പുറപ്പാടിന്റെ പുസ്തകത്തിൽ വാഗ്ദാനഭൂമിയിലേക്കു യാത്ര ചെയ്യുന്ന ഇസ്രയേൽക്കാരെ നാം കണ്ടുമുട്ടുന്നുണ്ട്. ദൈവം അവരോടൊപ്പമുണ്ടായിരുന്നു. എങ്കിലും, മെരീബാ (മാസാ)യിൽവച്ച് അവർ ദൈവമായ കർത്താവിന്റെ പരിശുദ്ധിയെ പരീക്ഷിച്ചു (അവിശ്വസിച്ചു). അതിനുള്ള ശിക്ഷ അവരും മോശയും ഏറ്റുവാങ്ങേണ്ടിയുംവന്നു (പുറപ്പാട് 17:7; സംഖ്യ 27:14). എങ്കിലും, കർത്താവ് അവരെ കൈവെടിഞ്ഞില്ല. പാറയിൽനിന്നുതന്നെ അവർക്കാവശ്യംപോലെ ജലം ഒഴുക്കിക്കൊടുത്തു. വി. പൗലോസ് സൂചിപ്പിക്കുന്നതുപോലെ ആ ശില യേശുവായിരുന്നു (1 കൊറി. 10:4).

പുതിയ ഇസ്രായേൽക്കാരായ നമ്മളും യാത്രക്കാരാണ്-പിതൃഭവനത്തിലേക്കുള്ള തീർഥാടകർ. എങ്കിലും, നാം കണ്ടതുപോലെ ആ യാത്ര തികച്ചും ഒറ്റയ്ക്കാണ്, നാംതന്നെ നടത്തേണ്ടത് - നാം തനിയെ ചെയ്യേണ്ടത്.



പ്രാചീനചൈനയിലുണ്ടായിരുന്ന രാജാക്കന്മാരെ മരണാനന്തരം അടക്കം ചെയ്യുമ്പോൾ ഭാര്യമാരെയും ദാസരെയും തല്ലിക്കൊന്നു കൂട്ടത്തിൽ കുഴിച്ചുമൂടുമായിരുന്നു. അവരും അദ്ദേഹത്തെ അനുഗമിച്ചുകൊള്ളുമെന്ന മൂഢവിശ്വാസമായിരുന്നു അതിന്റെ പിന്നിൽ. നമ്മുടെ നാട്ടിൽ പണ്ടുണ്ടായിരുന്ന സതി അനുഷ്ഠാനത്തിന്റെ അടിയിലുള്ള സങ്കല്പവും ഏതാദൃശമാണ്. പക്ഷേ, അത്തരം കൊടുംക്രൂരത കാട്ടിയവരുടെയും യാത്ര തനിയെ ആയിരുന്നു-പോയത് എങ്ങോട്ടാണെങ്കിലും!

വിദേശത്തേക്കു യാത്രയാകുന്ന പലരെയും വിമാനത്താവളംവരെ അനുഗമിച്ചിട്ടുള്ളവരാണല്ലോ നമ്മിൽ പലരും. എങ്കിലും, അവിടെ എത്തിക്കഴിഞ്ഞാൽ പോകേണ്ട ആളിനു മാത്രമേ അകത്തേക്കു പ്രവേശനമുള്ളൂ. ഇനിയുള്ള യാത്ര തികച്ചും തനിച്ചാണ്. കൂട്ടത്തിൽ കൊണ്ടുപോകാവുന്ന സാധനങ്ങൾക്കും പരിധിയും പരിമിതിയുമുണ്ട്. ബാക്കിയുള്ളതൊക്കെ എത്ര പ്രിയപ്പെട്ടതായാലും ഇവിടെ ഇട്ടിട്ടുപോകുകയേ നിവൃത്തിയുള്ളൂ.

ഇതുപോലെയാണ് ജീവിതയാത്രയുടെ കാര്യത്തിലും. മരണത്തിന്റെ വക്കിലെത്തിയാൽ പിന്നെ സഹയാത്രികർക്കൊക്കെ നിസ്സഹായരായി നോക്കിനില്ക്കാനേ സാധിക്കുകയുള്ളൂ. ഇനിയങ്ങോട്ടുള്ള യാത്രയിൽ പങ്കുചേരാൻ അവർക്കാർക്കും സാധിക്കുകയില്ല. അതാണ്, 1987 ൽ നോബൽ സമ്മാനം നേടിയ അലക്സാണ്ടർ ബ്രോഡ്സ്കി ഇങ്ങനെയെഴുതിയത്:

"Though our life may be a thing to share
Who is there to share our death."

ജീവിതത്തിൽ പങ്കുചേരാൻ, ജീവിതപങ്കാളികളാകാൻ പലരെയും കിട്ടിയെന്നിരിക്കും - ഭാര്യ, മക്കൾ, മാതാപിതാക്കൾ. പക്ഷേ, ജീവിതാന്ത്യം മുതലുള്ള യാത്ര നാം ഒറ്റയ്ക്ക് ഏറ്റുവാങ്ങേണ്ടതാണ്. ഒരുത്തനും ഒന്നും ചെയ്യുവാൻ സാധ്യമല്ല. അതാണ് മൃതസംസ്കാരകർമത്തിൽ ഇനിയങ്ങോട്ട് നിന്നെ മാലാഖമാർ അനുഗമിക്കട്ടെ. എന്നു കാർമികൻ ചൊല്ലി അവസാനിപ്പിക്കുന്നത്.

ഒരു കാര്യം മറക്കാതിരിക്കുക: ജീവിതം ഹ്രസ്വമാണ്. നശ്വരമായ ഈ ജീവിതത്തിന് നമ്മുടെ എല്ലാ ആഗ്രഹാഭിലാഷങ്ങളും സാക്ഷാത്കരിക്കുവാൻ മാത്രം ദൈർഘ്യമില്ല!

ജീവനിലേക്കു പ്രവേശിക്കാനുള്ള വലിയൊരു ഭാഗ്യമാണ് നമ്മുടെ മുമ്പിൽ-ഒരിക്കൽ മാത്രം കൈവന്ന, ഇനി ഒരിക്കലും കൈവരുകയില്ലാത്ത അപൂർവഭാഗ്യം! നമ്മെപ്പോലെ ജീവിക്കാൻ അവസരം ലഭിക്കാത്തതുകൊണ്ട് കോടാനുകോടി മനുഷ്യർ ഇപ്പോഴും ദൈവത്തിന്റെ ഭാവനയിൽ മാത്രമാണ് സ്ഥിതിചെയ്യുക. അവരിൽനിന്നെല്ലാം നാം തിരഞ്ഞെടുക്കപ്പെടുകയും ജീവനിലേക്കു ക്ഷണിക്കപ്പെടുകയും ചെയ്തു.

**ജീവിതത്തിൽ പങ്കുചേരാൻ, ജീവിതപങ്കാളികളാകാൻ പലരെയും കിട്ടിയെന്നിരിക്കും – ഭാര്യ, മക്കൾ, മാതാപിതാക്കൾ. പക്ഷേ, ജീവിതാന്ത്യംമുതലുള്ള യാത്ര നാം ഒറ്റയ്ക്ക് ഏറ്റുവാങ്ങേണ്ടതാണ്. ഒരുത്തനും ഒന്നും ചെയ്യാൻ സാധ്യമല്ല. അതാണ് മൃതസംസ്കാരകർമത്തിൽ ഇനിയങ്ങോട്ട് നിന്നെ മാലാഖമാർ അനുഗമിക്കട്ടെ എന്നു കാർമികൻ ചൊല്ലി അവസാനിപ്പിക്കുന്നത്.**

കൂട്ടത്തിൽ വേറിട്ടൊരു കാര്യം. കുടുംബത്തിലെ അഞ്ചാമത്തെ സന്താനമായി നാം ജനിച്ചു എന്നിരിക്കട്ടെ. അപ്പന്റെയും അമ്മയുടെയും ആ വിവാഹം നടന്നില്ലായിരുന്നുവെങ്കിൽ, അഥവാ നാം രണ്ട്, നമുക്ക് രണ്ട് എന്ന മുദ്രാവാക്യം അവരും സ്വീകരിച്ചിരുന്നെങ്കിൽ നാം ഈ ജീവിതം കാണുമായിരുന്നോ? ജീവിക്കാൻ നമുക്കു കിട്ടിയ ക്ഷണം ഏറ്റവും അസുലഭവും അതിനാൽത്തന്നെ അമൂല്യവുമാണ്.

നമ്മെ ജീവനിലേക്കു വിളിച്ച സ്രഷ്ടാവിന് നമ്മെ ഓരോരുത്തരെ സംബന്ധിച്ചും ഓരോ പദ്ധതിയുണ്ട് (ജറെമിയ 29:11). അതു പൂർത്തിയാക്കി 1921 മേയ് 12-ാം തീയതി നിത്യതയിലേക്കു തനിയെ യാത്രയായ ഫോൾബ്രെബ്ക്റ്റ് നാഗലിനെപ്പോലെ നാമും നീങ്ങേണ്ടതുണ്ട്.

ഈ ഏകാന്തയാത്രയിൽ നമ്മെ സഹായിക്കാൻ കഴിയുന്ന ഒരൊറ്റ ആളേ ഉള്ളൂ, നേരായ പാത താൻ തന്നെയാണെന്നു വിളിച്ചുപറഞ്ഞ വ്യക്തി. അവിടുന്നാണ് സത്യമായ ജീവത്തായ പാത (യോഹ. 14:6). പാത മാത്രമല്ല പാഥേയവും. പാതയുടെ പരമാന്ത്യമായ പിതാവിലെത്തിച്ചേരുവോളം നമ്മെ പിടിച്ചുനിർത്താൻ കഴിയുന്ന പാഥേയമാണത്. അതാണ് അന്തിമമായി ഓരോ ക്രൈസ്തവനും താത്പര്യപൂർവം കഴിക്കുന്നത്. അത് അവനു ധൈര്യവും ശക്തിയും പ്രത്യാശയും പ്രദാനം ചെയ്യുന്നു-കാരണം, അതു കഴിക്കുന്നവൻ ഒരിക്കലും മരിക്കുകയില്ല. മരിച്ചാലും ജീവിക്കും (യോഹ. 6:25-59). അന്തിമമായ ആ പ്രത്യാശയിൽ എത്തിച്ചേരാൻ കഴിയുന്നത് ഒരു ഭാഗ്യമാണ് - അപരരെ എത്തിക്കാൻ കഴിയുന്നത് അതിലും വലിയ ഭാഗ്യം. ■

---

നുറുങ്ങുകഥ

ഉണ്ണി വാരിയത്ത്

## ഓർമപ്പെടുത്തലുകൾ

ഉത്സവത്തിനു കൊടിയേറുമ്പോൾ ഒത്തുകൂടുന്നവർ കൊടിയിറങ്ങുമ്പോൾ പിരിഞ്ഞുപോകുന്നു. ഇതു പതിവ്.

അവനെ സംബന്ധിച്ചിടത്തോളം ഉത്സവങ്ങൾ ഓർമപ്പെടുത്തലുകളാണ്. സമൂഹത്തിൽ അവന്റെ നിലയും വിലയും ഏറിക്കൊണ്ടിരുന്നപ്പോൾ അടുത്തുകൂടി ചുറ്റിപ്പറ്റിനിന്ന സൗഹൃദക്കൂട്ടം ക്രമേണ അവന്റെ നിലയും വിലയും ഇറങ്ങിത്തുടങ്ങിയപ്പോൾ അവനെ ഒറ്റപ്പെടുത്തിയല്ലോ.

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ
**ഫാ. സിറിയക് തടത്തിൽ**

അസി. മാനേജർ
**ഫാ. മാത്യു തെന്നാട്ടിൽ**



കർത്താവിന്റെ ശിക്ഷണത്തെ നിന്ദിക്കരുത്; അവിടുത്തെ ശാസനത്തിൽ മടുപ്പു തോന്നുകയുമരുത്.
സുഭാഷിതങ്ങൾ 3:11

**എഡിറ്റോറിയൽ**

# ഇനിയെങ്കിലും ഈ നായ്ക്കളുടെ ക്രൂരത അവസാനിക്കുമോ?

**അ**വസാനം തെരുവുനായ്ക്കൾക്കു തുടലു പണിയാൻ സുപ്രീംകോടതിതന്നെ വേണ്ടിവന്നു. ഇനിയെങ്കിലും പാവങ്ങളുടെ പട്ടിണിമാറ്റി അവർക്കു സ്വർഗരാജ്യം പണിയാൻ പാടുപെടുന്ന 'പരിഷ്കൃത' സർക്കാരുകൾ ഈ പട്ടിശല്യത്തിൽനിന്ന് അവരെ മോചിപ്പിക്കുമോ?

പൊതുസ്ഥലങ്ങളിൽനിന്നു തെരുവുനായ്ക്കളെ ഉടനടി നീക്കം ചെയ്യണമെന്നാണു സുപ്രധാന ഉത്തരവിലൂടെ സുപ്രീംകോടതി നിർദേശിച്ചിരിക്കുന്നത്. വിദ്യാഭ്യാസസ്ഥാപനങ്ങൾ, ബസ്സ്റ്റാൻഡുകൾ, ആശുപത്രികൾ, റെയിൽവേസ്റ്റേഷനുകൾ, സ്പോർട്സ് കോംപ്ലക്സുകൾ തുടങ്ങിയ പൊതുസ്ഥലങ്ങളിൽനിന്നു തെരുവുനായ്ക്കളെ ഷെൽട്ടർഹോമുകളിലേക്കു മാറ്റണം. തെരുവുനായ്ക്കളുടെ ആക്രമണം വർധിച്ചുവരുന്നതിൽ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് സുപ്രീംകോടതിയുടെ നിർണായക ഉത്തരവ്. വിഷയം പരിഗണിച്ച ജസ്റ്റീസുമാരായ വിക്രംനാഥ്, സന്ദീപ് മെഹ്ത, എൻ.വി. അഞ്ചാരിയ എന്നിവരുടെ ബഞ്ച് അലഞ്ഞുതിരിയുന്ന കന്നുകാലികളെയും മറ്റു മൃഗങ്ങളെയും റോഡുകളിൽനിന്നും ഹൈവേകളിൽനിന്നും നീക്കം ചെയ്യാനുള്ള നിർദേശങ്ങളും നല്കിയിട്ടുണ്ട്. ദേശീയപാതാ അതോറിറ്റി (എൻ.എച്ച്.എ.ഐ.) ഉൾപ്പെടെയുള്ള അധികൃതർ സംയുക്തമായി സഹകരിച്ചുള്ള നടപടികളിലൂടെ ഇത്തരം മൃഗങ്ങളെ നീക്കം ചെയ്യണമെന്നാണു കോടതിയുടെ നിർദേശം.

നായ്ക്കളെ വന്ധ്യംകരണത്തിനു വിധേയമാക്കിയശേഷം പിടികൂടിയ സ്ഥലത്തേക്കുതന്നെ തുറന്നുവിടുന്നതിലെ പൊള്ളത്തരം സുപ്രീംകോടതി ഉത്തരവിൽ തുറന്നുകാട്ടിയിട്ടുണ്ട്. അതു നടപടിയുടെ ഉദ്ദേശ്യശുദ്ധിയെത്തന്നെ പരാജയപ്പെടുത്തും- കോടതി നിരീക്ഷിച്ചു. തെരുവുനായവിഷയത്തിൽ ഇത്രനാളും പരസ്പരം പഴിചാരി തടിതപ്പിനിന്ന കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇനിയെങ്കിലും നട്ടെല്ലുനിവർത്തുമെന്നു കരുതാം. സംസ്ഥാനമൃഗസംരക്ഷണവകുപ്പിന്റെ ഏറ്റവും പുതിയ കണക്കനുസരിച്ച് സംസ്ഥാനത്തെ തെരുവുനായ്ക്കളുടെ എണ്ണം 9 ലക്ഷത്തിലെത്തിയിരിക്കുകയാണ്. അതുപോലെതന്നെ കേരളത്തിൽ പത്തുവർഷത്തിനിടെ നായയുടെ കടിയേൽക്കുന്നവരുടെ എണ്ണത്തിൽ മൂന്നിരട്ടി വർധനയാണുണ്ടായിരിക്കുന്നത്. 2014 ൽ 1.19 ലക്ഷം പേർക്കു കടിയേറ്റെങ്കിൽ 2024 ൽ 3.16 ലക്ഷം പേർക്കാണു കടിയേറ്റത്. ഈ വർഷം ഓഗസ്റ്റു 31 വരെ 2.52 ലക്ഷം പേർക്കു കടിയേറ്റുകഴിഞ്ഞു. ഈ കണക്കെല്ലാം വായിച്ചിട്ട് സ്വസ്ഥമായി ഉറങ്ങാൻ ജനക്ഷേമം പ്രസംഗിക്കുന്ന ഏതെങ്കിലുമൊരു സർക്കാരിനു കഴിയുമോ? എന്തായാലും, തെരുവുനായപ്രശ്നം പരിഹരിക്കാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് ചീഫ് സെക്രട്ടറിമാർ എട്ടാഴ്ചയ്ക്കകം സത്യവാങ്മൂലം നല്കണമെന്നു കോടതി നിർദേശിച്ചിരിക്കുകയാണ്. വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർ പിഴ നല്കേണ്ടിവരും. ഇക്കാര്യത്തിൽ കേരളത്തിൽ വീഴ്ചകളുണ്ടെന്ന്, സംസ്ഥാനങ്ങൾ സ്വീകരിച്ച നടപടികളും പോരായ്മകളും സംബന്ധിച്ച കേസിലെ അമിക്കസ് ക്യൂറി ഗൗരവ് അഗർവാൾ നല്കിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാരുകൾ പിഴച്ചിടത്ത് ജനമനസ്സ് വായിച്ചറിഞ്ഞ സുപ്രീംകോടതിയുടെ ഈ ഇടപെടൽ ഏറെ പ്രതീക്ഷ പകരുന്ന ഒന്നാണ്. വിവിധ സംസ്ഥാനങ്ങളിലുണ്ടായ തെരുവുനായആക്രമണങ്ങൾ പരാമർശിക്കുന്ന കൂട്ടത്തിൽ കേരളത്തിൽ റിപ്പോർട്ടു ചെയ്ത ആറ് ആക്രമണങ്ങൾ കോടതി ശ്രദ്ധയിൽകൊണ്ടുവരികയുണ്ടായി. വയനാട് പനമരത്ത് മൂന്നാംക്ലാസ് വിദ്യാർഥിയെ ക്ലാസ്റൂമിൽവച്ച് നായ കടിച്ചതും എറണാകുളം ജനറൽ ആശുപത്രിയിൽ രോഗിയുൾപ്പെടെ അഞ്ചുപേർക്കു തെരുവുനായയുടെ കടിയേറ്റതും കോടതി പരാമർശിച്ചു. റെയിൽവേസ്റ്റേഷനുകളിലെ ആക്രമണങ്ങളെക്കുറിച്ചു സൂചിപ്പിക്കവേ, കണ്ണൂർ റെയിൽവേസ്റ്റേഷനിൽ 18 പേർക്കു കടിയേറ്റതും പിന്നീട് ഈ നായയ്ക്കു പേവിഷബാധയുണ്ടെന്നു കണ്ടെത്തിയതും കോടതി ചൂണ്ടിക്കാട്ടി. കൂടാതെ, ആലപ്പുഴ റെയിൽവേസ്റ്റേഷനിൽ കഴിഞ്ഞ ആറു മാസത്തിനിടെ മുപ്പതോളം പേർക്ക് നായ്ക്കളുടെ കടിയേറ്റതും കണ്ണൂർ ബസ്സ്റ്റാൻഡിൽ 500 ലധികം പേർക്കു കടിയേറ്റതും കോട്ടയം കെഎസ്ആർടിസി ബസ്സ്റ്റാൻഡിലെ തെരുവുനായ ആക്രമണവും കോടതി പരാമർശിച്ചു. ഇതും ഇതിലപ്പുറവും കണക്കുകളറിയാവുന്ന സംസ്ഥാനത്തെ മന്ത്രിമാരും ഉദ്യോഗസ്ഥരുമാണ് അതും തലയ്ക്കുകീഴിൽവച്ച് ഇത്രനാളും ഉറങ്ങിയിരുന്നതെന്നു നാമോർക്കണം. ഇനിയെങ്കിലും ഉണരുമോ ഇവർ?

തെരുവുനായശല്യം നിയന്ത്രിക്കാൻ ഫലപ്രദമായ മാർഗമെന്നു നിർദേശിക്കപ്പെട്ടിരിക്കുന്ന പദ്ധതിയാണ് എബിസി (അനിമൽ ബർത്ത് കൺട്രോൾ). നായ്ക്കളെ വന്ധ്യംകരിച്ച് പേവിഷപ്രതിരോധകുത്തിവയ്പു നടത്തുക. എന്നാൽ, 25 കൊല്ലം പിന്നിട്ട ഈ പദ്ധതികൊണ്ട്, കോടികൾ ചെലവഴിച്ചതല്ലാതെ കണക്കിൽ കൊള്ളിക്കാവുന്ന ഒരു മെച്ചവും അതിൽനിന്നുണ്ടായിട്ടില്ലെന്നതാണു സത്യം. അനിയന്ത്രിതമായി പെരുകിക്കൊണ്ടിരിക്കുന്ന തെരുവുനായ്ക്കളെ അടുത്ത കാലത്തൊന്നും നിയന്ത്രിക്കാനാവില്ലെന്നും നശിപ്പിക്കണമെന്നും ഈയടുത്തനാളിൽ പറഞ്ഞത് മറ്റാരുമല്ല, ഇന്ത്യൻ വെറ്ററിനറി അസോസിയേഷന്റെ കേരളഘടകമാണ്. എന്നിട്ടും മുടന്തൻ ന്യായം പറഞ്ഞു നായപ്രേമികളുടെ തോളിൽ ചാരാനാണ് മന്ത്രിമാർക്ക് ഉത്സാഹം. തെരുവുനായ്ക്കളെ പൊതുഇടങ്ങളിൽനിന്നു പൂർണമായി മാറ്റുക അപ്രായോഗികമാണെന്നു മന്ത്രി എം.ബി. രാജേഷ് പറഞ്ഞതിന്റെ പൊരുൾ അതാണല്ലോ.

ഒരു കാര്യം ഉറപ്പ്. കോടതിവിധി തിരുത്തിക്കാൻ കപടരാഷ്ട്രീയ-പരിസ്ഥിതി-നായവാദികൾ രംഗത്തുവരാതിരിക്കില്ല. അപ്പോൾ അവരുടെ മുഖത്തുനോക്കി 'ഇവിടെ വളർത്തുനായ്ക്കൾ മതി. തെരുവുനായ്ക്കൾ വേണ്ട' എന്നു പറയാനുള്ള തന്റേടവും അതു നടത്തിയെടുക്കാനുള്ള ഇച്ഛാശക്തിയും സർക്കാരുകൾക്കുണ്ടാവണം. അല്ലാത്തപക്ഷം നിസ്സഹായരായ മനുഷ്യജന്മങ്ങളുടെ നിലവിളികളും ഉടയവനില്ലാത്ത നായ്ക്കളുടെ ക്രൂരതകളും ഇവിടെ ഇടതടവില്ലാതെ തുടർന്നുകൊണ്ടേയിരിക്കും. ■

# 'വിശ്വാസികളുടെ മാതാവ്' പറയുന്നത്

*1-ാം പേജ് തുടർച്ച*

**ഒഴിവാക്കേണ്ട രണ്ടു മരിയൻ അഭിസംബോധനകൾ**

പരിശുദ്ധ കന്യാമറിയത്തിന്റെ അതുല്യസ്ഥാനത്തെക്കുറിച്ച് ഈ പ്രബോധനരേഖ എടുത്തുപറയുന്നുവെങ്കിലും മിശിഹായുടെ രക്ഷാകരദൗത്യത്തിന്റെ അനന്യതയോടു ചേർത്തുകാണുമ്പോൾ ഒഴിവാക്കേണ്ട മരിയൻ അഭിസംബോധനകളെക്കുറിച്ച് ഈ പ്രബോധനരേഖ പഠിപ്പിക്കുന്നു. മറിയം സഹരക്ഷക, മറിയം സകലകൃപാവരങ്ങളുടെയും മാതാവ് എന്നീ അഭിസംബോധനകൾ ഒഴിവാക്കണം എന്നു പഠിപ്പിക്കുമ്പോൾ മറിയം മധ്യസ്ഥ എന്നകാര്യം ശരിയായ വിധത്തിൽ മനസ്സിലാക്കിവേണം ഉപയോഗിക്കേണ്ടതെന്നും വിശ്വാസികളുടെ മാതാവ് എന്ന ഈ പ്രബോധനരേഖയിൽ പഠിപ്പിക്കുന്നു. മിശിഹായുടെ രക്ഷാകരദൗത്യത്തിന്റെ ഏകതയും അതുല്യതയുമാണ് ഈ പ്രബോധനത്തിന്റെ അടിസ്ഥാനം.

**ഈശോമിശിഹാ ഏകരക്ഷകൻ**

ഈ പ്രബോധനരേഖയിലൂടെ സഭ ആവർത്തിച്ചുറപ്പിക്കുന്ന പ്രബോധനം ഈശോമിശിഹാ ഏകരക്ഷകൻ എന്ന സത്യമാണ്. ശ്ലീഹന്മാരുടെ നടപടിപ്പുസ്തകത്തിൽ പ്രഖ്യാപിക്കുന്നതുപോലെ ആകാശത്തിനുകീഴെ മനുഷ്യരുടെയിടയിൽ നമുക്കു രക്ഷയ്ക്കുവേണ്ടി മറ്റൊരു നാമവും നല്കപ്പെട്ടിട്ടില്ല (ശ്ലീഹ. 4:12). ഏകരക്ഷകനും ലോകരക്ഷകനും ഈശോമിശിഹാ മാത്രമാണ് എന്നതാണ് സഭയുടെ അനന്യമായ വിശ്വാസപ്രഘോഷണം. പരിശുദ്ധമറിയം സഹരക്ഷക എന്നു പറയുമ്പോൾ മിശിഹായുടെ രക്ഷാകർമം അതിൽത്തന്നെ അപൂർണമെന്നോ മറിയത്തിന്റെ സഹായം കൂടാതെ രക്ഷ സാധ്യമാവുകയില്ലായിരുന്നു എന്നോ, മിശിഹായും പരിശുദ്ധമറിയവും കൂടിയാണ് രക്ഷ സാധ്യമാക്കിയതെന്നോ എല്ലാം വ്യാഖ്യാനിക്കപ്പെടുവാൻ സാധ്യതയുണ്ട്. ഈശോമിശിഹാ ഏകരക്ഷകൻ എന്ന സത്യം ആവർത്തിച്ചു പ്രഖ്യാപിക്കുകയാണ് സഹരക്ഷക എന്ന അഭിസംബോധന മറിയത്തിനു നല്കുന്നില്ല എന്നതിലൂടെ വ്യക്തമാക്കുന്നത്.

**ഈശോമിശിഹാ സകല കൃപാവരങ്ങളുടെയും ദാതാവ്**

യോഹന്നാന്റെ സുവിശേഷം 1:16 പറയുന്നു: അവന്റെ പൂർണതയിൽനിന്ന് നാമെല്ലാം കൃപയ്ക്കുമേൽ കൃപ സ്വീകരിച്ചിരിക്കുന്നു. എല്ലാ കൃപകളുടെയും ഉറവിടവും ദാതാവും ദൈവമാണ്; ഈശോമിശിഹായിലൂടെയാണ് അതു നല്കിയത്. സകലകൃപാവരങ്ങളുടെയും മാതാവ് എന്ന് പരിശുദ്ധ അമ്മയെ വിളിക്കുമ്പോൾ മറിയമാണ് എല്ലാ കൃപകളുടെയും ഉറവിടമെന്നു തെറ്റിദ്ധരിക്കാൻ സാധ്യതയുണ്ട്. അതിനാൽ മറിയത്തെ എല്ലാ കൃപാവരത്തിന്റെയും മാതാവ് എന്നു വിളിക്കുന്നത് ശരിയല്ല എന്ന് ഈ പ്രബോധനരേഖ പഠിപ്പിക്കുന്നു. പരിശുദ്ധ കന്യാമറിയം കൃപനിറഞ്ഞവളാണ് (ലൂക്കാ. 1:28). ദൈവികകൃപയുടെ നിറവ് അവളിലുണ്ട്. ഒരു നദി നിറഞ്ഞൊഴുകുന്നതുപോലെ അവളിലൂടെ കൃപ ഒഴുകുന്നു. എങ്കിലും കൃപയുടെ ഉറവിടം ദൈവമായതുകൊണ്ട് സകലകൃപാവരങ്ങളുടെയും മാതാവ് എന്നു മറിയത്തെ വിളിക്കാനാവില്ല.

**ഈശോമിശിഹാ ഏകമധ്യസ്ഥൻ**

പൗലോസ് ശ്ലീഹാ തിമോത്തിയോസിനെഴുതിയ ലേഖനത്തിൽ പറയുന്നു: എന്തെന്നാൽ, ദൈവം ഒന്നേയുള്ളൂ, ദൈവത്തിനും മനുഷ്യനുമിടയിൽ മധ്യസ്ഥനായി ഒരുവനേയുള്ളൂ-മനുഷ്യനായ ഈശോമിശിഹാ. (1 തിമോ. 2:5). ദൈവത്തിനും മനുഷ്യനുമിടയിലുള്ള ഏകമധ്യസ്ഥനായി ഈശോമിശിഹാമാത്രമാണ്. മിശിഹായുടെ മാധ്യസ്ഥ്യത്തിനു സമാനമായി മറ്റാരുമില്ല. പരിശുദ്ധ മറിയത്തെ മധ്യസ്ഥയായി കാണുമ്പോൾ അത് ഈശോമിശിഹായുടെ മധ്യസ്ഥതയ്ക്കു തുല്യമായി കരുതരുതെന്നു സഭ പഠിപ്പിക്കുന്നു. മനുഷ്യകുലത്തെ ദൈവവുമായി രമ്യതപ്പെടുത്തിയ ഏക മധ്യസ്ഥൻ (Mediator) ഈശോമിശിഹാ മാത്രമാണ്. പരിശുദ്ധ അമ്മയും വിശുദ്ധരുമെല്ലാം നമുക്കുവേണ്ടി ദൈവത്തിന്റെ പക്കൽ പ്രാർഥിക്കുന്ന മധ്യസ്ഥർ (intercessor) മാത്രമാണ്. ഈ തിരിച്ചറിവോടെ വേണം മറിയം മധ്യസ്ഥയാണെന്നു പറയേണ്ടത് എന്നും ഈ പ്രബോധനരേഖ വ്യക്തമാക്കുന്നു.

**ഉപസംഹാരം**

ഈ പ്രബോധനരേഖ സഭയിൽ പരിശുദ്ധ മറിയത്തിന്റെ സ്ഥാനം കുറച്ചുകാണിക്കുന്നതോ, ഇതുവരെ പരിശുദ്ധ അമ്മയ്ക്കു നല്കിയിരുന്ന സ്ഥാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിക്കൊണ്ടോ ഉള്ളതല്ല; മറിച്ച്, ഏകരക്ഷകനും മധ്യസ്ഥനും സകലകൃപാവരങ്ങളുടെയും ദാതാവുമായ ഈശോമിശിഹായുടെ രക്ഷാകരപ്രവൃത്തിയിലുള്ള മറിയത്തിന്റെ സ്ഥാനം എടുത്തുപറയുന്നതാണ്. എന്നാൽ, ദൈവവും ഏകരക്ഷകനുമായ മിശിഹായുടെ സ്ഥാനത്തിനു സമാനമല്ല മറിയത്തിന്റെ സ്ഥാനമെന്നു സഭ പഠിപ്പിക്കുന്നു. കാരണം, ഈശോമിശിഹാ ദൈവമാണ്. പരിശുദ്ധമറിയം ദൈവത്തോടു സഹകരിക്കാൻ വിളിക്കപ്പെട്ട മനുഷ്യസ്ത്രീ മാത്രമാണ്. ദൈവമായ മിശിഹായുടെ മാതാവാകാൻ തിരഞ്ഞെടുക്കപ്പെട്ടവളും വിശ്വാസികളുടെ മാതാവും മാതൃകയും വിശ്വാസികൾക്കുവേണ്ടി നിരന്തരം പ്രാർഥിക്കുന്ന മധ്യസ്ഥയുമാണ്. പുതിയ പ്രബോധനരേഖ പരിശുദ്ധ അമ്മയെക്കുറിച്ചു സഭയ്ക്ക് ഇതുവരെയുമുണ്ടായിരുന്ന പ്രബോധനങ്ങൾ ആവർത്തിച്ചുപ്രഖ്യാപിക്കുന്നതും വ്യക്തത വരുത്തുന്നതുമാണ്.

■

# രാജാക്കന്മാരുടെ രാജാവ്



**വചനനാളം**

**നവംബർ 23**
**പള്ളിക്കൂദാശക്കാലം**
**നാലാം ഞായർ**

**1 രാജാ 6:11–19**
**എസെ 43:1–7**
**ഹെബ്രാ 9:16–28**
**മത്താ 22:41–46**



**ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ**



**വി**ശ്വാസിസമൂഹം ആരാധനക്രമവത്സരത്തിലെ അവസാനത്തെ ഞായറാഴ്ച ആചരിക്കുകയാണ്. മിശിഹാ വീണ്ടെടുത്ത മനുഷ്യകുലത്തെ പിതാവിന്റെ സന്നിധിയിൽ സമർപ്പിക്കുന്നതിനെയും മിശിഹായോടൊപ്പം സ്വർഗീയഭവനത്തിലുള്ള നിത്യവാസത്തെയുമാണ് ഈ അവസരത്തിൽ ധ്യാനിക്കുന്നത്. മിശിഹാ നിത്യം രാജാവായി വാഴുന്നതും അവിടുത്തെ രാജത്വത്തിന്റെ മഹത്ത്വവുമെല്ലാം ഇവിടെ ധ്യാനവിഷയമാകുന്നുണ്ട്. അവസാന ഞായറാഴ്ചത്തെ ദൈവവചന പ്രഘോഷണങ്ങളെല്ലാം സകലത്തിന്റെയും രാജാവായ മിശിഹായെക്കുറിച്ചുള്ളതാണ്.

**ദാവീദിന്റെ വംശത്തിൽ പിറക്കുമെങ്കിലും അവന്റെ രാജത്വം ദാവീദിൽനിന്നല്ല, മറിച്ച്; അവിടുന്ന് ദൈവത്തിന്റെ അഭിഷിക്തനാണ്. മിശിഹായുടെ രാജത്വത്തിന്റെ പ്രതിരൂപം മാത്രമായിരുന്നു ദാവീദിൽ കാണപ്പെട്ടത്. ഇസ്രയേൽ പ്രതീക്ഷിച്ചിരുന്നതും നിത്യമായി നിലനില്ക്കുന്നതുമായ രാജത്വം മിശിഹായുടെ രാജത്വമായിരുന്നു. പള്ളിക്കൂദാശക്കാലത്ത് തിരുസ്സഭ അനുസ്മരിക്കുന്നത് മിശിഹായുടെ നിത്യമായ ആ രാജത്വത്തിന്റെ പ്രഘോഷണമാണ്.**

ദൈവശാസ്ത്രപരമായി മിശിഹായുടെ രാജത്വത്തിരുനാൾ ആചരിക്കേണ്ടത് സ്വർഗാരോഹണത്തിരുനാളിലാണ്. മിശിഹാ സ്വർഗാരോഹിതനായി സകലത്തിന്റെയും അധിപനായി പിതാവിന്റെ വലത്തുവശത്ത് ഉപവിഷ്ടനാകുന്നത് സ്വർഗാരോഹണത്തിലാണ്. പൗരസ്ത്യസഭകളുടെ പാരമ്പര്യമനുസരിച്ച് സ്വർഗാരോഹണത്തിരുനാളാണ് മിശിഹായുടെ രാജത്വത്തിരുനാൾ. എന്നാൽ, സകലത്തിന്റെയും നാഥനും രാജാധിരാജനുമായ മിശിഹായെ നാം ദർശിക്കുന്നത് നമ്മുടെ സ്വർഗപ്രവേശനത്തിലൂടെയായതുകൊണ്ടാണ് സ്വർഗത്തിലെ നിത്യമായ വാസത്തെ അനുസ്മരിക്കുന്ന പള്ളിക്കൂദാശാക്കാലത്തിന്റെ അവസാനഞായറാഴ്ച മിശിഹായുടെ രാജത്വം അനുസ്മരിക്കുന്നത്. ആണ്ടുവട്ടത്തിലെ അവസാനഞായർ മിശിഹായുടെ രാജത്വത്തിരുനാളായി പാശ്ചാത്യസഭകളിൽ ആചരിക്കുന്നുണ്ട്.

കർത്താവിന്റെ സാന്നിധ്യം ഇസ്രയേൽമക്കൾക്കിടയിൽ ഉണ്ടായിരിക്കാൻവേണ്ടി ദൈവാലയം പണിയുന്ന സോളമനോടു കർത്താവ് പറയുന്ന വാക്കുകളാണ് രാജാക്കന്മാരുടെ പുസ്തകത്തിൽനിന്നു നാം ശ്രവിക്കുന്നത്. അവിടുന്ന് പറയുന്നു: "നീ എനിക്കു ദൈവാലയം പണിയുകയാണല്ലോ, എന്റെ ചട്ടങ്ങൾ ആചരിച്ചും, അനുശാസനങ്ങളനുസരിച്ചും, എന്റെ കല്പനകൾ പാലിച്ചും നടന്നാൽ ദാവീദിനോടു ചെയ്ത വാഗ്ദാനം നിന്നിൽ നിറവേറ്റും. ഞാൻ ഇസ്രയേലിന്റെ മധ്യേ വസിക്കും. ഇസ്രയേലിന്റെ മധ്യേ അവിടുന്നു വസിക്കുന്നത് വലിയ ദൈവാലയം പണിതതുകൊണ്ടല്ല; മറിച്ച്, അവിടുത്തെ മാർഗത്തിൽ ജനം ചരിക്കുന്നതുകൊണ്ടാണ് എന്നു വചനം ഓർമിപ്പിക്കുന്നു.

എസെക്കിയേൽപ്രവാചകനുണ്ടായ ദൈവാലയദർശനമാണ് പ്രവാചകഗ്രന്ഥത്തിൽനിന്നു ശ്രവിക്കുന്നത്. ഇസ്രയേൽ ജനം ദൈവത്തിൽനിന്നകന്നുപോയപ്പോൾ, അവിടുത്തെ ചട്ടങ്ങൾ പാലിക്കാതെയും കല്പനകൾ അനുസരിക്കാതെയും കഴിഞ്ഞപ്പോൾ ദൈവമഹത്ത്വം ദൈവാലയത്തിൽനിന്നു പുറപ്പെട്ടുപോയിരുന്നു (എസെ. 10). എന്നാൽ, അടിമത്തത്തിലേക്കു പോയ ഇസ്രയേൽജനം അനുതപിച്ച് കർത്താവിന്റെ മാർഗത്തിലേക്കു തിരിച്ചുവരുമ്പോൾ കർത്താവിന്റെ മഹത്ത്വം തിരിച്ചുവരും എന്നതാണ് 43-ാം അധ്യായത്തിൽനിന്നു വിവരിക്കുന്ന ദർശനത്തിൽ കാണുന്നത്. ഈ ഭൂമിയിൽ ദൈവത്തിന്റെ വാസസ്ഥലങ്ങളായി വർത്തിക്കുന്നത് ദൈവാലയങ്ങളാണെങ്കിലും ദൈവാലയങ്ങളിൽ ദൈവസാന്നിധ്യം നല്കുന്നത് ജനത്തിന്റെ സ്നേഹക്കൂട്ടായ്മയിലാണ്. തങ്ങളുടെ പ്രവൃത്തികൾ കർത്താവിനെതിരാവുകയും സാഹോദര്യസ്നേഹം നഷ്ടപ്പെടുകയും ചെയ്യുമ്പോൾ ദൈവം ദൈവാലയങ്ങളിൽ നിന്നകലുന്നു.

ഹെബ്രായർക്കെഴുതപ്പെട്ട ലേഖനത്തിൽ മിശിഹായുടെ ബലിയുടെ അനന്യതയാണ് എടുത്തുപറയുന്നത്. ആദ്യത്തെ ഉടമ്പടി ഉറപ്പിക്കുന്നതിന് മൃഗങ്ങളുടെ ബലിയർപ്പണത്താലുള്ള രക്തമുണ്ടായിരുന്നു. അത് സ്വർഗീയകാര്യങ്ങളുടെ പ്രതിരൂപങ്ങളായയവയെ വിശുദ്ധീകരിക്കുന്നതിനിടയാക്കി. എന്നാൽ, മിശിഹായുടെ കുരിശിലെ ബലിയാലുള്ള തിരുരക്തത്താൽ സകലരെയും സ്വർഗപ്രവേശനത്തിനു യോഗ്യമാംവിധം വിശുദ്ധീകരിച്ചുകൊണ്ട് പുതിയ ഉടമ്പടി മുദ്രവച്ച് എന്നേക്കുമായുള്ള ഏകബലിയർപ്പിക്കപ്പെട്ടു. ഫരിസേയരും ഈശോയും തമ്മിലള്ള സംഭാഷണമാണ് വിശുദ്ധ സുവിശേഷത്തിൽനിന്നു ശ്രവിക്കുന്നത്. സദുക്കായരും ഫരിസേയരും ഈശോയോടു ചോദ്യങ്ങൾ ചോദിച്ചുകൊണ്ടും ഈശോയുടെമേൽ കുറ്റം ആരോപിക്കുന്നതിനു തക്കം പാർത്തുകൊണ്ടും ഈശോയോടൊപ്പം നിരന്തരമുണ്ടായിരുന്നു. ഇന്നത്തെ സുവിശേഷഭാഗത്തിനു തൊട്ടുമുകളിൽ വിവരിക്കുന്നത് സദുക്കായരെ ഈശോ വാക്കുമുട്ടിച്ചെന്നു കേട്ട് ഫരിസേയർ ഏറ്റവും പ്രധാന കല്പന ഏത് എന്ന ചോദ്യവുമായി ഈശോയെ സമീപിക്കുന്നതാണ്. തുടർന്നുവരുന്ന ഭാഗത്ത് ഈശോ ഫരിസേയരോടു ചോദിക്കുന്ന ചോദ്യവും അവരുടെ മറുപടിയുമാണ് വിവരിക്കുന്നത്. ഈശോ ഫരിസേയരോടു ചോദിക്കുന്നത്, നിങ്ങൾ മിശിഹായെക്കുറിച്ച് എന്തു വിചാരിക്കുന്നു? അവൻ ആരുടെ പുത്രനാണ്? എന്നാണ്. യഹൂദന്മാരുടെ ഇടയിൽ വരാനിരിക്കുന്ന മിശിഹായെക്കുറിച്ചു പ്രതീക്ഷയുണ്ടായിരുന്നു. ഫരിസേയരുടെ മിശിഹാപ്രതീക്ഷ എന്താണെന്നാണ് ഈശോ ചോദിക്കുന്നത്.

ഏശയ്യ 11:1–9; ജറെമിയ 23:5; എസെക്കിയേൽ 34:23 എന്നീ വചനങ്ങളുടെ വെളിച്ചത്തിലായിരിക്കണം ഫരിസേയർ മറുപടി പറയുന്നത്. ദാവീദിന്റെ പുത്രൻ, ഇസ്രയേലിന്റെ വിമോചകനായ മിശിഹാ ദാവീദിന്റെ വംശത്തിൽനിന്നു വരും എന്നത് യഹൂദരുടെ വിശ്വാസത്തിന്റെയും പ്രതീക്ഷയുടെയും ഭാഗമായിരുന്നു. ബാബിലോൺ അടിമത്തത്തിനുശേഷം ഇസ്രയേലിനു സ്വന്തമായ രാജാക്കന്മാരില്ലാതിരുന്ന അവസരത്തിൽ യഹൂദർ സങ്കീർത്തനപ്പുസ്തകത്തിലെ രാജകീയ സിംഹാസനങ്ങളോടനുബന്ധിച്ചുള്ള സങ്കീർത്തനങ്ങളെല്ലാം വരാനിരിക്കുന്ന മിശിഹായുമായി ബന്ധപ്പെടുത്തി കാണാനും വ്യാഖ്യാനിക്കാനും പ്രാർഥിക്കാനും തുടങ്ങിയിരുന്നു. 110-ാം സങ്കീർത്തനത്തിൽ കർത്താവ് എന്റെ കർത്താവിനോടു പറഞ്ഞു എന്ന വചനം (110:1) മിശിഹായും കർത്താവും (യാഹ്‌വയും) തമ്മിലുള്ള സംഭാഷണത്തിന്റെ ഭാഗമായി കരുതിയിരുന്നു. സങ്കീർത്തന കർത്താവ് ദാവീദുരാജാവ് ആയതുകൊണ്ട് ആ സങ്കീർത്തനത്തിൽ കർത്താവ് എന്റെ കർത്താവിനോട് എന്ന പ്രയോഗത്തിൽ മിശിഹായെ സങ്കീർത്തകൻ എന്റെ കർത്താവ് എന്നു വിളിക്കുകയാണ്. അപ്രകാരം ദാവീദ് മിശിഹായെ കർത്താവ് എന്നു വിളിക്കുന്നതിലൂടെ മിശിഹാ ദാവീദിനേക്കാൾ വലിയവനാണെന്നു പ്രഖ്യാപിക്കുകയാണ്. അതായത്, ദാവീദിന്റെ വംശത്തിൽ പിറക്കുമെങ്കിലും അവന്റെ രാജത്വം ദാവീദിൽനിന്നല്ല; മറിച്ച് അവിടുന്ന് ദൈവത്തിന്റെ അഭിഷിക്തനാണ്. മിശിഹായുടെ രാജത്വത്തിന്റെ പ്രതിരൂപം മാത്രമായിരുന്നു ദാവീദിൽ കാണപ്പെട്ടത്. ഇസ്രയേൽ പ്രതീക്ഷിച്ചിരുന്നതും നിത്യമായി നിലനില്ക്കുന്നതുമായ രാജത്വം മിശിഹായുടെ രാജത്വമായിരുന്നു. പള്ളിക്കൂദാശക്കാലത്ത് തിരുസ്സഭ അനുസ്മരിക്കുന്നത് മിശിഹായുടെ നിത്യമായ ആ രാജത്വത്തിന്റെ പ്രഘോഷണമാണ്. □

# അരക്ഷിതബാല്യത്തിന്റെ അപകടങ്ങൾ



ഡോ. ജസ്റ്റിൻ തോമസ്




**"സാർ**, എന്റെയും ഈ രണ്ടു പിള്ളേരുടെയും തലയിൽ തൊട്ട് സത്യം ചെയ്തതാ, അയാൾ ഇനിയും ലിസയുടെ കൂടെ പോകില്ലായെന്ന്. ഇയാൾ (ഭർത്താവ്) ഇന്നലെയും അവളുടെ വീട്ടിലായിരുന്നു. ഞങ്ങളുടെ മക്കളുടെ തലയിൽ കൈവച്ച് സത്യം ചെയ്യുന്നതിനുപോലും അയാൾ വില നൽകുന്നില്ല. എനിക്ക് അയാളുടെ കൂടെ ജീവിക്കണം സാർ. അതുകൊണ്ടാ,



ഇങ്ങനെ ക്ഷമിക്കും സഹിച്ചും പിറകേ നടക്കുന്നത്." മീരയുടെ വാക്കുകളിൽ സങ്കടവും നിസ്സഹായതയും തളം കെട്ടിനിന്നു.

രാജേഷിന്റെ ജീവിതം പഠിച്ചപ്പോൾ അതു സങ്കീർണമായിരുന്നു. ഇയാൾക്ക് എല്ലാറ്റിനും പുതുമവേണം. രാജേഷ് ആദ്യമായി പ്രേമിക്കുന്നത് നാലാം ക്ലാസിൽ വച്ചാണ്. ലിസ പന്ത്രണ്ടാമത്തെ വ്യക്തിയാണ്. ആരെ പ്രേമിച്ചാലും രാജേഷ് അത് അധികകാലം നിലനിർത്തില്ല. മീരയെ അഞ്ചുവർഷംമുമ്പാണ് ഇയാൾ വിവാഹം കഴിക്കുന്നത്. വിവാഹം കഴിഞ്ഞ് ഒന്നര വർഷത്തിനുശേഷം ഇയാൾ ലിസയുമായി അടുത്തു. ഈ അടുപ്പത്തെക്കുറിച്ച് രാജേഷുതന്നെ മീരയോടു പറയുകയും ചെയ്തു.

**എന്തായിരുന്നു രാജേഷിന്റെ പ്രശ്നം?**

രാജേഷ് പന്ത്രണ്ടു സ്നേഹബന്ധങ്ങളിൽ ഏർപ്പെടുകയും ഒരു വിവാഹം കഴിക്കുകയും ചെയ്ത വ്യക്തിയാണ്. വിവാഹം പ്രണയിച്ചു കഴിച്ചതായിരുന്നില്ല. പ്രണയിക്കുന്ന സമയങ്ങളിൽ താൻ വിവാഹം കഴിക്കില്ലായെന്ന് നേരത്തേതന്നെ പറയുകയും ചെയ്യുമായിരുന്നു. ലിസയുടെ കാര്യത്തിലും ഇതുതന്നെ ചെയ്തിരിക്കുന്നു! ഹൈപ്പർ സെക്ഷ്വാലിറ്റിയാണ് (Hyper-sexuality) ഇയാളുടെ പ്രശ്നമെന്നു തോന്നിയെങ്കിലും പിന്നീട് മനസ്സിലായത് ഇതൊരു 'പഠിച്ച പെരുമാറ്റരീതി' ആണ് എന്നാണ്. കൗൺസലിങ് പ്രോസസിൽ രാജേഷ് പൂർണ്ണമായും സഹകരിച്ചതോടെ അയാളുടെ പെരുമാറ്റരീതിയുടെ കാരണം കണ്ടെത്തുക എളുപ്പമായി. രാജേഷിന് എട്ടുവയസ്സുള്ളപ്പോൾ അമ്മ ഇസ്രയേലിനു പോയി. അപ്പൻ ജോലിസംബന്ധമായ ആവശ്യങ്ങളിൽ തിരക്കിലുമായിരുന്നു. കുട്ടിയായ രാജേഷിനെ നോക്കിയിരുന്നത് വീട്ടുജോലിക്കാരിയാണ്. അവരുടെ മകൾ ആ വീട്ടിൽ സ്ഥിരം വരുകയും രാജേഷിനെ ലൈംഗികമായി ഉപയോഗിക്കുകയും ചെയ്തിരുന്നു. ആ പെൺകുട്ടി കൂട്ടുകാരികളെയും കൂട്ടിവന്ന് ഇതു തുടർന്നു. രാജേഷ് ചെറിയ കുട്ടി ആയിരുന്നതിനാലും ഇതിനെക്കുറിച്ച് വ്യക്തമായ അറിവില്ലാതിരുന്നതിനാലും, ഇതു തുറന്നു പറയുവാൻ ആരും വീട്ടിൽ ഇല്ലാതിരുന്നതിനാലും, അവരിൽനിന്നു ലഭിച്ച കരുതലിനെയും സ്പർശനത്തെയും സ്നേഹമായി തെറ്റിദ്ധരിച്ചിരുന്നതിനാലും ജോലിക്കാരിയുടെ മകളുടെയും കൂട്ടുകാരികളുടെയും പ്രവൃത്തികൾ തുടർന്നുകൊണ്ടേയിരുന്നു. അവർ കൊടുത്ത ആശയം അനുസരിച്ചാണ് രാജേഷ് നാലാംക്ലാസിൽവച്ച് ഒരു പെൺകുട്ടിയോട് ഇഷ്ടം പറയുന്നത്. ചുരുക്കത്തിൽ അന്നു രാജേഷ് പഠിച്ച പെരുമാറ്റരീതി ഇന്നും തുടരുന്നു.

**രാജേഷിന് സംഭവിച്ചത് വിരളമായി സംഭവിക്കുന്ന ഒന്നാണോ?**

ഇത്തരം സംഭവങ്ങൾ നമ്മുടെ പല വീടുകളിലും സംഭവിക്കുന്നതും സംഭവിക്കാൻ സാധ്യതയുള്ളതുമാണ് എന്നാണ് എന്റെ കൗൺസലിങ് അനുഭവങ്ങളിൽനിന്നു മനസ്സിലായിരിക്കുന്നത്. മക്കളെ ജനിപ്പിച്ചിനുശേഷം ഒരു പരിചയവുമില്ലാത്ത, രക്തബന്ധമില്ലാത്ത, സ്വഭാവത്തെക്കുറിച്ച് ധാരണയില്ലാത്ത വ്യക്തികളെ കാവലേല്പിച്ച് ഓടിമറയുന്ന മാതാപിതാക്കളുടെ വീടുകളിൽ ഇത്തരം സംഭവങ്ങൾ നടക്കാറുണ്ട്. അതുകൊണ്ടുതന്നെ മക്കളെ നോക്കാൻ ജോലി ഉപേക്ഷിക്കുന്ന മാതാപിതാക്കളെ മാലാഖമാർക്കൊപ്പം ഉപമിക്കാൻ ആഗ്രഹിക്കുന്നു. ഞാനിത് എഴുതുന്നത് വീട്ടിലെ പട്ടിണി മാറ്റാൻ കൊച്ചുകുട്ടികളെ വീട്ടിലാക്കി അന്യദേശത്തു പോകുന്നവരെക്കുറിച്ചല്ല. എല്ലാ സൗകര്യങ്ങളും നാട്ടിലുണ്ടായിട്ടും കൂടുതൽ സുഖസൗകര്യങ്ങൾക്കുവേണ്ടി മക്കളെ മറ്റുള്ളവരുടെ അടുത്താക്കി നാടുവിടുന്നവരെക്കുറിച്ചാണ്. ഒരു നിശ്ചിതപ്രായത്തിനുമുമ്പ് ബോർഡിങ് സ്കൂളുകളിൽ, കുട്ടികളുടെ സമ്മതമില്ലാതെ അവരെ അഡ്മിറ്റ് ചെയ്യുന്നതു പലവട്ടം ആലോചിച്ചിട്ടുവേണം എന്ന അഭിപ്രായക്കാരനാണു ഞാൻ.

കാരണം, അമ്മയുടെയും അപ്പന്റെയും സ്നേഹത്തിനുപകരം വയ്ക്കാവുന്ന മറ്റൊന്ന് ഈ ഭൂമിയിൽ കുട്ടിക്കു ലഭ്യമല്ല. (അവർ സ്നേഹിക്കുവാൻ അറിയുന്നവരാണെങ്കിൽ മാത്രം). ചില വീടുകളിൽ വല്യപ്പനും വല്യമ്മയും നൽകുന്ന സ്നേഹം കുട്ടികൾക്ക് അമൃതാണ്. ചില ബോർഡിങ് സ്കൂളുകളിലെ സ്നേഹനിധികളായ അധ്യാപകരും സ്വന്തം മാതാപിതാക്കളെക്കാൾ സ്നേഹസമ്പന്നരാണ്.

**രാജേഷിന്റെ പ്രശ്നവും മീരയുടെ സങ്കടവും എങ്ങനെ പരിഹരിക്കപ്പെട്ടു?**

മീരയുടെ, രാജേഷിനെ മനസ്സിലാക്കുവാനുള്ള കഴിവ് അപാരമായിരുന്നു. അതുമാത്രമല്ല, മീര ഒരിക്കലും തങ്ങളുടെ പ്രശ്നത്തെ മാതാപിതാക്കളുടെ ഇടയിൽ അവതരിപ്പിച്ച സങ്കീർണമാക്കിയിരുന്നുമില്ല.

മീര രാജേഷിനെ മനസ്സിലാക്കുന്നതിന്റെ ഭാഗമായി കണ്ടെത്തിയ വസ്തുതകൾ താഴെ ചേർക്കുന്നു.

- പഠിച്ച പെരുമാറ്റരീതി പ്രാവർത്തികമാക്കുന്നു (ഇത് ലൈംഗികാതിക്രമത്തിൽനിന്നും ഉടലെടുത്തതാണ്)
- പെരുമാറ്റവൈകല്യം ശക്തമായിരുന്നു.
- വ്യക്തിത്വവൈകല്യം ആർജിച്ചിരുന്നു.
- ഒബ്സസീവ് കംപൾസീവ് ഡിസോർഡറിലേക്ക് എത്തിച്ചേർന്നിരിക്കുന്നു.

മേൽ സൂചിപ്പിച്ച നാലു കാര്യങ്ങളും രാജേഷിൽ ഉണ്ടെന്ന ബോധ്യം മീരയെ കൂടുതൽ ബലപ്പെടുത്തി. കാരണം, തന്റെ ഭർത്താവ് ചെയ്യുന്ന കാര്യങ്ങൾ തന്നെ ഇഷ്ടമില്ലാത്തതിന്റെ പേരിലല്ല; മറിച്ച് രോഗാവസ്ഥയിൽ ആയതുകൊണ്ടാണ് എന്നവർ മനസ്സിലാക്കി. അവൾ രാജേഷിന്റെ ഒരു നല്ല കൂട്ടുകാരിയായി മാറി എന്നതാണ് വസ്തുത.

മേൽസൂചിപ്പിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഒരു സൈക്യാട്രിസ്റ്റിന്റെ സഹായം കൂടി തേടി. അത് ഒബ്സഷനെ പരിഹരിക്കാൻ സഹായിച്ചു.

കൗൺസലിങ് പ്രോസസിലൂടെ രാജേഷിൽ ഉണ്ടായിരുന്ന കഴിഞ്ഞകാല അനുഭവങ്ങളുമായി ബന്ധപ്പെട്ട 'ഉത്തേജനങ്ങളെ' ഇല്ലാതാക്കി. കുട്ടിക്കാലത്തു ലഭിക്കാതിരുന്ന മാതാപിതാക്കളുടെ സ്നേഹം ഹിപ്നോട്ടിക് റീപേരന്റിങ്ങിലൂടെ നൽകി. ഇത് അയാളുടെ കുട്ടിക്കാലത്തെ മുറിവുകളെയും ഉണക്കി. മീരയുടെ ഉപാധികളില്ലാത്ത സ്നേഹം മരുന്നുകൾക്കും കൗൺസലിങ്ങുകൾക്കും അതീതമായി പ്രവർത്തിച്ചു.

കഴിഞ്ഞദിവസം രാജേഷ് പറഞ്ഞ വാക്കുകൾ ഇവിടെ കുറിക്കുന്നു: "നമ്മെ മനസ്സിലാക്കുന്ന, പൂർണമായും സ്നേഹിക്കുന്ന ഒരു പങ്കാളിയെ ലഭിക്കുക എന്നതിനപ്പുറമൊരു സൗഭാഗ്യം മറ്റൊന്നുമില്ല. ഞാൻ എന്റെ മീരയെ ജീവിതാവസാനം വരെ ജീവനുതുല്യം സ്നേഹിക്കും." ഈ വാക്കുകളിൽനിന്നും നമുക്ക് മനസ്സിലാകും മീര സന്തോഷം അനുഭവിക്കുന്നു എന്ന്. ■



## സന്ധ്യയോട്

**കവിത** **സുലോചന രാജൻ**

ഈറൻമുടിച്ചുരുൾത്തുമ്പു കെട്ടി
ഈറനാം ചെമ്പട്ടുടുത്തൊരുങ്ങി
ഏറിയ വേഗത്തിലുള്ള തേരിൽ
പോകുന്നതെന്തിനാണെന്നുമെന്നും

അങ്ങകലത്തിലെ അമ്പലത്തിൽ
ചെന്നു കൈകൂപ്പാൻ സമയമായോ?
പിന്നാലെയെത്തും കരിങ്കറുമ്പി
എത്തിടും മുമ്പു ചെന്നെത്തുവാനോ?

അദ്ഭുതമേറുന്നൊരാ മുഖത്ത്
അല്പം കരിമഷി തേച്ചപോലെ
അമ്പിളിമാമൻ ഒളിഞ്ഞുനോക്കി
വിണ്ണിന്റെ വാതിൽപ്പഴുതിലൂടെ.

താരകറാണിമാർ വന്നുനിന്നു
താലംപിടിച്ചു നിരന്നുനിന്നു
സന്ധ്യയാം ദേവിയെ കാണ്മതിന്നായ്
സർവരും ദീപം കൊളുത്തിവച്ചു.

ദേവാലയത്തിലെ ദേവനപ്പോൾ
വാതിൽ തുറന്നു പുറത്തുവന്നു
ആയിരം ദീപം തെളിഞ്ഞുനിന്നു
ആകെയാ ജ്യോതി പരന്നിരുന്നു.

അക്ഷരം മിണ്ടാതനക്കമില്ലാ-
തിക്ഷിതിപോലും തരിച്ചുനിന്നു
അപ്സരകന്യയെ കാണ്മതിന്നായ്
കീർത്തനം പാടിയൊതുങ്ങിനിന്നു.

നിന്നഴകിൽ ഞാൻ മയങ്ങിനിൽക്കേ
ചെമ്മേ ഇരുട്ടു പരന്നു ചാരേ
എന്നും നിനക്കീ തിടുക്കമെന്തേ
ഇന്നും ചോദിക്കുവാൻ വിട്ടുപോയി.

# പ്രാദേശികപ്പോരിനു കളമൊരുങ്ങി

നേർമൊഴി



ഫാ. മാത്യു ചന്ദ്രൻകുന്നേൽ

ത്രിതല പഞ്ചായത്തുപ്രതിനിധികളെ കണ്ടെത്താനുള്ള തിരഞ്ഞെടുപ്പുവിജ്ഞാപനമിറങ്ങി. ഡിസംബർ 9, 11 തീയതികളിൽ വോട്ടെടുപ്പ് നടക്കും. 13 ന് വോട്ടെണ്ണി വിജയികളെ നിശ്ചയിക്കും. രണ്ടു ഘട്ടങ്ങളിലായിട്ടാണ് തിരഞ്ഞെടുപ്പ്. ഒമ്പതാം തീയതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി, ആലപ്പുഴ, എറണാകുളം ജില്ലകളിലും പതിനൊന്നാം തീയതി തൃശൂർ, മലപ്പുറം, വയനാട്, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിലും വോട്ടെടുപ്പ് നടക്കും. രാവിലെ ഏഴുമണിമുതൽ വൈകുന്നേരം ആറുമണിവരെയാണ് സമയം. നോമിനേഷൻ സമർപ്പിക്കാനുള്ള അവസാനതീയതി നവംബർ 21 ആണ്. സൂക്ഷ്മ പരിശോധന 22 നു നടക്കും. നോമിനേഷൻ പിൻവലിക്കാനുള്ള അവസാനസമയം നവംബർ 24. സംസ്ഥാനതിരഞ്ഞെടുപ്പുകമ്മീഷണർ എ. ഷാജഹാനാണ് തിരഞ്ഞെടുപ്പുവിവരങ്ങൾ വെളിപ്പെടുത്തിയത്.

മണ്ഡലപുനർനിർണയം പൂർത്തിയായപ്പോൾ വാർഡുകളുടെ എണ്ണം 21900 ൽനിന്ന് 23612 ആയി ഉയർന്നു. ഗ്രാമപഞ്ചായത്തിൽ 17337 വാർഡുകളും ബ്ലോക്ക് പഞ്ചായത്തിൽ 2267 വാർഡുകളും ജില്ലാ പഞ്ചായത്തിൽ 346 വാർഡുകളും മുനിസിപ്പാലിറ്റികളിൽ 3205 വാർഡുകളും കോർപ്പറേഷനുകളിൽ 421 വാർഡുകളുമുണ്ട്. ആകെ വോട്ടർമാരുടെ എണ്ണം 2,84,30,761 ആണ്. പുരുഷവോട്ടർമാർ 1,34,12,470 ഉം വനിതാ വോട്ടർമാർ 150,18,010 പേരുമുണ്ട്. 33746 പോളിങ് സ്റ്റേഷനുകളാണ് ഒരുക്കിയിട്ടുള്ളത്. പഞ്ചായത്തുകളിൽ 28127 ഉം കോർപ്പറേഷനുകളിൽ 2015 ഉം മുനിസിപ്പാലിറ്റികളിൽ 3604 ഉം പോളിങ് ബൂത്തുകളുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ മത്സരിക്കുന്നവർക്ക് 25000 രൂപയും മുനിസിപ്പാലിറ്റികളിൽ 75000 വും ജില്ലാപഞ്ചായത്തിൽ ഒന്നരലക്ഷംരൂപയും ചെലവഴിക്കാനുള്ള അംഗീകാരമുണ്ട്. അതിനു മുകളിൽ ധൂർത്തടിക്കുന്നവർക്കെതിരേ നിയമനടപടികൾ സ്വീകരിക്കാനുള്ള സംവിധാനമുണ്ടെന്നു വ്യക്തമാക്കുന്നതാണ് 2020 ൽ കൂടുതൽ ചെലവഴിച്ച 10,000 സ്ഥാനാർഥികളെ അയോഗ്യരാക്കിയ സംഭവം.

വ്യക്തമായ മുൻതൂക്കത്തോടെയാണ് ഇടതുമുന്നണി തിരഞ്ഞെടുപ്പിനെ നേരിടുന്നതെന്നു കണക്കുകൾ വ്യക്തമാക്കുന്നു. ആറു കോർപ്പറേഷനുകളിൽ അഞ്ചെണ്ണവും ഭരിക്കുന്നത് എൽഡിഎഫാണ്. കണ്ണൂർ കോർപ്പറേഷൻ മാത്രമാണ് യു.ഡി.എഫിനൊപ്പമുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ 571 എണ്ണം എൽ.ഡി.എഫിന്റെ പക്ഷത്തും 351 എണ്ണം യു.ഡി.എഫ് ചേരിയിലുമാണ്. 38 ബ്ലോക്കുപഞ്ചായത്തുകൾ യുഡിഎഫ് ഭരിക്കുമ്പോൾ എൽ.ഡി.എഫിന്റെ കൂടെ നിൽക്കുന്നത് 113 ബ്ലോക്കുകളാണ്. എറണാകുളം, വയനാട്, മലപ്പുറം ജില്ലകളിലാണ് യു.ഡി.എഫ്. ഭരണം. പതിനൊന്നു ജില്ലകളും എൽ.ഡി.എഫ്. ഭരണത്തിൻകീഴിലാണ്. മുനിസിപ്പാലിറ്റികൾ ഏതാണ്ട് ഒപ്പത്തിനൊപ്പമാണ്. എൽ.ഡി.എഫ്. – 44, യു.ഡി.എഫ്. – 41. രാഷ്ട്രീയത്തിൽ കണക്കുകൾ സൂചനമാത്രമാണ്. യാഥാർഥ്യമാകണമെന്നില്ല. വോട്ടു ചെയ്യുന്ന സമയത്തെ മനോനിലയാണ് നിർണായകം. ചെറിയ സംഭവങ്ങൾപോലും തീരുമാനങ്ങളെ സ്വാധീനിക്കും. രാഷ്ട്രീയം അവസരങ്ങളുടെ കലയാണ്. തിരഞ്ഞെടുപ്പു നടക്കുന്ന സമയത്തെ സംഭവങ്ങളെ എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കുന്നുവെന്നതനുസരിച്ചാണ് ജയം. എങ്കിലും ചെരിഞ്ഞിരിക്കുന്നിടത്തേക്കു വീഴാനുള്ള സാധ്യതയെ തള്ളിക്കളയാനാവുകയില്ല.



എന്തിന് പുതിയൊരു ഭരണസമിതിയെ തിരഞ്ഞെടുക്കണം എന്നു ചോദിക്കത്തക്കവിധത്തിലുള്ള ഒരു പത്രറിപ്പോർട്ടിനു മുമ്പിലിരുന്നാണ് ഞാൻ ഈ കുറിപ്പ് തയ്യാറാക്കുന്നത്. ട്രഷറിനിയന്ത്രണം മൂലം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കഴിഞ്ഞവർഷം ചെലവഴിച്ചത് വെറും 21.6 ശതമാനം തുകമാത്രം. പഞ്ചായത്തുകൾ 26.27 ശതമാനവും ബ്ലോക്കുപഞ്ചായത്തുകൾ 23.9 ശതമാനവും മുൻസിപ്പാലിറ്റികൾ 13.65 ശതമാനവും ചെലവഴിച്ചു. അനുവദിച്ച മൊത്തം തുക 9215 കോടി രൂപ. ചെലവഴിച്ചത് വെറും 2024 കോടി മാത്രം. ആസൂത്രണബോർഡിന്റെ പ്ലാൻ സ്പേസിൽ പ്രസിദ്ധീകരിച്ച കണക്കാണിത്.

കേന്ദ്രസർക്കാരിന്റെയും സംസ്ഥാനസർക്കാരിന്റെയും വലിയ പദ്ധതികൾ സാധാരണക്കാർക്കു പ്രയോജനപ്പെട്ടുകൊള്ളണമെന്നില്ല. തദ്ദേശസ്വയംഭരണസ്ഥാപനഫണ്ടുകളാണ് പ്രാദേശികവികസനത്തിനു സഹായിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ലക്ഷ്യംതന്നെ പ്രാദേശികവികസനവും ജനക്ഷേമവുമാണ്. അതിന് അനുവദിക്കുന്ന പണം ചെലവഴിക്കാനായില്ലെന്നു കാണുന്നത് നിരാശപ്പെടുത്തുന്ന കാര്യമാണ്. ഫണ്ട് എത്താതിരിക്കാൻ കാരണക്കാർ സമ്മതിദായകരാണെന്നു കരുതാനാവുകയില്ല. അതിന്റെ ഉത്തരവാദികൾ ഉദ്യോഗസ്ഥരോ ജനപ്രതിനിധികളോ ഭരണകൂടമോ ആരുതന്നെയായിരുന്നാലും ജനങ്ങളോടു സമാധാനം പറയേണ്ടതാണ്. കല്ലിടാനും നാടമുറിക്കാനും മാത്രമായി നേതാക്കന്മാർ വേണോ?




മാത്യൂസ് ആർപ്പൂക്കര 29

# റെയിൻഡീറുകൾ

ക്രിസ്മസ്കഥകളിലെ സാന്താക്ലോസ് അപ്പൂപ്പന് ഒരു വണ്ടിയുണ്ട്. ചക്രങ്ങളില്ലാത്ത വണ്ടി. അതായത്, തെന്നുവണ്ടി-സ്ലെഡ്ജ്. ഈ വണ്ടി വലിക്കുന്നത് റെയിൻഡീറുകളാണ്. മഞ്ഞുഭൂമികയിലെ ഈ കൗതുകമുണർത്തുന്ന, മാനുകൾ വലിക്കുന്ന വണ്ടിയിലാണ് സാന്താക്ലോസ് കുട്ടികൾക്കു സമ്മാനവുമായെത്തുക.

അമേരിക്കൻ വൻകരയുടെ ആർട്ടിക്പ്രദേശങ്ങളിൽ വന്യമൃഗങ്ങളായി കാണുന്ന റെയിൻഡീറുകളെ 'കാരിബോ' എന്നാണു വിളിക്കുന്നത്. യൂറോപ്പിന്റെ ആർട്ടിക്പ്രദേശങ്ങളിൽ കാരിബോകളെക്കാൾ കൂടുതൽ ഇണക്കിവളർത്തുന്നതു റെയിൻഡീറുകളെയാണ്. കൂട്ടമായാണ് ഇവയുടെ താമസവും ഭക്ഷണംതേടലും സഞ്ചാരവുമൊക്കെ. ഇരുന്നൂറോളം വർഷങ്ങൾക്കുമുമ്പ് ഉത്തരധ്രുവപ്രദേശങ്ങളിലെ ഓരോ കാരിബോ കൂട്ടത്തിലും ആയിരക്കണക്കിന് എണ്ണമുണ്ടായിരുന്നത്രേ. ആർട്ടിക്കിലെ വസന്തകാലത്ത് ടുൻഡ്രപ്രദേശങ്ങളിൽ ഇവ സ്വതന്ത്രമായി മേഞ്ഞുനടക്കും. എന്നാൽ, ശൈത്യകാലമാകുന്നതോടെ ടുൻഡ്ര ഉപേക്ഷിച്ചു തണുപ്പുകുറഞ്ഞ വനപ്രദേശങ്ങളിലേക്കു പിൻവാങ്ങുകയാണു പതിവ്. തണുപ്പ് വർധിക്കുന്നതു മാത്രമല്ല, തീറ്റ നന്നേ കുറയുന്നതും ഈ പിൻവാങ്ങലിൻകാരണംതന്നെ.

മങ്ങിയ തവിട്ടുനിറത്തിൽ സാമാന്യം വലുപ്പമുള്ള മൃഗങ്ങളാണ് റെയിൻഡീറുകൾ. മാൻവർഗത്തിൽപ്പെട്ട ഇവയുടെ ആണിനും പെണ്ണിനും കൊമ്പുകളുണ്ട്. ശാഖകളോടുകൂടിയ ഇവയുടെ വലിയ കൊമ്പുകൾ അല്പം പരന്നിട്ടാണ്. വളർച്ചയെത്തുന്ന കൊമ്പുകൾ വർഷത്തിലൊരിക്കൽ കൊഴിഞ്ഞ് പുതിയതുണ്ടാകുന്നു. റെയിൻഡീറുകൾക്കു കിലോമീറ്ററുകളോളം ക്ഷീണമില്ലാതെ നടക്കാനാവുന്നു. നല്ല നീന്തൽക്കാരുമാണ്. ഇത്തരം ഗുണവിശേഷങ്ങളാകണം റെയിൻഡീറിനെ നല്ലൊരു വളർത്തുമൃഗമാക്കി മാറ്റിയതും.



യൂറോപ്പിലെ നോർവേ, സ്വീഡൻ, ഫിൻലൻഡ് എന്നീ രാജ്യങ്ങളുടെ വടക്കൻഭാഗങ്ങൾ, റഷ്യയുടെ വടക്കൻ സൈബീരിയ പ്രദേശങ്ങൾ എന്നിവയുൾപ്പെട്ട ആർട്ടിക്മേഖലയിലാണ് പ്രധാനമായും ഇവയെ ഇണക്കിവളർത്തുന്നത്. 'ലാപ്' എന്ന ഗോത്രവർഗക്കാർ താമസിക്കുന്ന ഈ പ്രദേശങ്ങൾ ലാപ്ലാൻഡ് എന്നറിയപ്പെടുന്നു.

ലാപ്പുകളുടെ എല്ലാമാണ് റെയിൻഡീറുകൾ. റെയിൻഡീറുകളുടെ പാലാണ് ലാപ്പുകൾ ഉപയോഗിക്കുന്നത്. കേരളത്തിലും മറ്റും ആട്ടിൻപാൽ ഉപയോഗിക്കുന്നതുപോലെ. ലാപ്പുകൾ ശൈത്യത്തിൽ നിന്നു രക്ഷപ്പെടാൻ കോട്ടും പാദരക്ഷയും നിർമിക്കുന്നത് ഇവയുടെ തോലിൽനിന്നാണ്. തൊപ്പിയും ബ്ലാങ്കറ്റുമൊക്കെ ഉണ്ടാക്കാൻ റെയിൻഡീറുകളുടെ രോമമുപയോഗിക്കുന്നു. കടുത്ത മഞ്ഞുകാലത്ത് ഉപയോഗിക്കാനായി ഇവയുടെ മാംസം ഉണക്കി സൂക്ഷിക്കാറുമുണ്ട്. കേരളത്തിലും ഉണക്കയിറച്ചി സുലഭമാണല്ലോ.

ചക്രങ്ങളില്ലാത്ത 'സ്ലെഡ്ജ്' എന്ന മഞ്ഞുവണ്ടിയാണ് ലാപ്പുകൾ ഉപയോഗിക്കുന്നത്. ഇതു വലിക്കുന്നതാകട്ടെ റെയിൻഡീറുകളാണ്. റെയിൻഡീറുകളെ വളർത്താനും എളുപ്പംതന്നെ. പ്രത്യേകകൂടൊന്നും ആവശ്യമില്ല. ഒരു വേലിക്കെട്ടിനുള്ളിൽ കൂട്ടമായി ഇവ കഴിഞ്ഞുകൂടും. മറ്റൊരു അതിശയകരമായ കാര്യം കൂടിയുണ്ട്. ശൈത്യകാലത്ത് മഞ്ഞുപാളികൾക്കു മേലേ കിടന്നുറങ്ങാൻപോലും ഇവയ്ക്കാകുമെന്നതാണത്. എന്തായാലും റെയ്ൻഡീറുകൾ ധ്രുവപ്രദേശത്തെ കൊടുംശൈത്യത്തിനു ചേർന്ന ജീവി തന്നെ. വിചിത്രവും വിസ്മയമുളവാക്കുന്നതുമായ മനോഹരമൃഗം തന്നെയിവ.

■

നോവൽ 16



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

സർക്കിൾ ഇൻസ്പെക്ടർ മോഹൻ തോമസ് കോൺസ്റ്റബിൾ രാജീവനെ തന്റെ റൂമിലേക്കു വിളിച്ചു വരുത്തി.

“രാജീവൻ നിൽക്കണ്ട. കസേരയിലിരിക്ക്. നമുക്ക് സ്വകാര്യമായി ചില കാര്യങ്ങൾ സംസാരിക്കാനുണ്ട്.” സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞു. രാജീവൻ അദ്ദേഹത്തിനെതിരേ കസേരയിൽ കടന്നിരുന്നു.

‘‘രാജീവാ, ജീനായുടെ കേസിലെ വാദിയായ പാലച്ചുവട്ടിൽ ജോസ് മകൻ ടോണി പ്രതിയെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് പരാതി തന്നിരിക്കുന്നത്. നമ്മൾ അവനുദ്ദേശിച്ച പ്രതിയെ വിളിച്ചുവരുത്തി ചോദ്യം ചെയ്തു. പിന്നെ അയാളുടെ എന്തെങ്കിലും ഇൻവോൾമെന്റുണ്ടോയെന്നു വിശദമായി അന്വേഷിക്കുകയും ചെയ്തു.’’ മോഹൻ തോമസ് പറഞ്ഞു.

‘‘മാത്തുക്കുട്ടിക്കെതിരായി വന്ന ഒരു കാര്യമേയുള്ളൂ. അവളുടെ മരിച്ചടക്കിന്റെയന്ന് ടീ.വിയിൽ സംസ്കാരച്ചടങ്ങുകണ്ടുകൊണ്ട് കൂട്ടുകാർക്കൊപ്പം മദ്യപിക്കുകയും സന്തോഷിക്കുകയും ചെയ്തു.”

“അതുകൊണ്ട് മാത്തുക്കുട്ടി കൊല്ലിച്ചു എന്നു സംശയിക്കാനാവില്ല.”

“മറ്റൊരു തെളിവും അയാൾക്കെതിരേ ഇതുവരെ നമുക്കു കിട്ടിയിട്ടില്ല.” രാജീവൻ പറഞ്ഞു.

“കേസന്വേഷണം ഇഴയുന്നു എന്നു വ്യാപകമായ പരാതിയാണ്. അതിനിടെ മാനസികരോഗിയായ ജോസ്, തന്റെ ശിക്ഷ നടപ്പാക്കാനൊരു ശ്രമവും നടത്തി. മേടയ്ക്കൽ മാത്തുക്കുട്ടി ആയുസ്സിന്റെ ബലംകൊണ്ടു മാത്രം രക്ഷപ്പെട്ടതാ.” സി.ഐ. പറഞ്ഞു.

“മേടയ്ക്കന് പോലീസ് പ്രൊട്ടക്ഷൻ കൊടുത്തില്ല എന്നൊരു പരാതിയുണ്ടായി. കോടതിയുത്തരവുണ്ടാകാത്തതുകൊണ്ട് നമ്മള് രക്ഷപ്പെട്ടു. ഒരു കൂട്ടക്കൊല തന്നെ അവിടെ ഉണ്ടാകാമായിരുന്നു. ഭ്രാന്തനല്ലേ?”

“അതെ. ഇനി നമുക്ക് പ്രൊട്ടക്ഷൻ കൊടുക്കണം. മജിസ്ട്രേറ്റുകോടതീന്നു തീരുമാനം വന്നു. കേസ് നമ്മൾ വളരെ സ്ട്രേറ്റ് ആയിട്ടുതന്നെയാണ് മുമ്പോട്ടു കൊണ്ടുപോകുന്നത്. ശ്രീജിത്ത് ഈ കേസിൽ നിർണ്ണായകമായ വ്യക്തിയാണ്. അവനിലേക്കു നമ്മളെത്തുമെന്നായപ്പോൾ കൈകെട്ടി. സൂപ്പർസ്റ്റാറിന്റെ ഇടപെടൽ.”

‘‘അവനെ കസ്റ്റഡിയിലെടുക്കാതെ ഇതെങ്ങനെ മുമ്പോട്ടു പോകും സാർ?”

“എസ്.പി. യോടു ഞാനതറിയിച്ചുകഴിഞ്ഞു. അവനെ കസ്റ്റഡിയിലെടുത്ത് ക്വസ്റ്റ്യൻ ചെയ്യാനനുവദിക്കുന്നില്ലെങ്കിൽ എന്നെയീ കേസിന്റെ ചുമതലയിൽനിന്നൊഴിവാക്കണമെന്നാണ് രേഖാമൂലം അറിയിച്ചത്. റിപ്ലേ വന്നില്ല.”

മോളിലുള്ളവർക്ക് ഒരു കേസും തെളിയണോന്നും ശിക്ഷിക്കപ്പെടണോന്നും ഇല്ലെന്നു തോന്നുന്നു.” എച്ച് സി. രാജീവൻ പറഞ്ഞു.

“അതു പറഞ്ഞിട്ടു കാര്യമില്ല. രാജീവാ. നമ്മുടെ സിസ്റ്റം അങ്ങനെയായിപ്പോയി. മരിച്ച പെണ്ണ്, അവള് തീർന്നു. പാവപ്പെട്ട, വർക്ക്ഷോപ്പ്പണിക്കാരനായ ആങ്ങളയാണ് നീതിക്കുവേണ്ടി പോരാടുന്നത്. അവനെന്തുമാത്രം പോകാൻ പറ്റും? ആക്ഷൻ കൗൺസിലെന്നൊക്കെ പറയുന്നത് ഒരു മൂച്ചിനുണ്ടാകുന്നതാ. ചിലർക്ക് പത്രങ്ങളിലും ചാനലുകളിലുമൊക്കെ മുഖം കാണിക്കാനുള്ള വേദി മാത്രം. കുറേ കഴിയുമ്പം എല്ലാവരും ഇട്ടേച്ചു പോകും.” സി.ഐ. പറഞ്ഞു.

“സാറ്... നിരാശനായോ?”

‘‘നിരാശനൊന്നുമായിട്ടില്ല. നമ്മള് ഈ കേസിൽ വളരെ പ്രധാനപ്പെട്ട ചില തെളിവുകൾ കണ്ടെത്തിയിട്ടില്ലേ? ആ പാവം പെണ്ണിന്റെ ജീവന് നമ്മളെങ്കിലും ഇത്തിരി വില കല്പിക്കണ്ടേ?”

‘‘എന്റെയഭിപ്രായം നമ്മളിതിന്റെ അറ്റം കാണാതെ പിന്മാറരുതെന്നാ.”

‘‘നമ്മളൊട്ടും പിന്നോട്ടില്ല. മുന്നോട്ടു തന്നെ.”

“അടുത്ത സ്റ്റെപ്പ്?”

“റോണി മാത്യുവിനെ ചോദ്യം ചെയ്യണം. അവനിപ്പോൾ രക്ഷപ്പെട്ടെന്ന ഭാവത്തിൽ കഴിയുകയായിരിക്കും. ഒത്തിരിക്കാര്യങ്ങൾ അവനിൽനിന്നു നമുക്കു ചികഞ്ഞെടുക്കാനുണ്ട്. ഇപ്പോൾത്തന്നെ പോകാം.”

‘‘യേസ് സാർ’’, എച്ച്.സി. രാജീവൻ എഴുന്നേറ്റു. സി.ഐ. ഓഫീസിലുള്ളവർക്ക് ചില നിർദേശങ്ങൾ കൊടുത്തു. പിന്നെ രണ്ടുപേരും പൊലീസ് ജീപ്പിൽ കയറി. റോണി മാത്യുവിന്റെ വാടകവീട് ലക്ഷ്യമാക്കി വാഹനം ഡ്രൈവർ ചീറിപ്പായിച്ചു.

പൊലീസ് ജീപ്പ് വീട്ടുമുറ്റത്തെത്തിനിന്നപ്പോൾ റോണി ഉമ്മറത്തെ കസേരയിലിരിക്കുകയായിരുന്നു. അവൻ പെട്ടെന്നു പിടഞ്ഞെഴുന്നേറ്റു. സർക്കിൾ ഇൻസ്പെക്ടർ മോഹൻ തോമസും ഹെഡ് കോൺസ്റ്റബിൾ രാജീവനും ജീപ്പിൽനിന്നിറങ്ങി. റോണി അവരുടെയടുത്തെത്തി ബഹുമാനപൂർവം നിന്നു.

“റോണി ജോലിക്കു പോയിത്തുടങ്ങിയോ?’’ രാജീവൻ ചോദിച്ചു.



‘‘പോയിത്തുടങ്ങി സാർ. ഇന്നു ലീവായിരുന്നു.” അവൻ പറഞ്ഞു.

“ജീനായുടെ മരണം സംബന്ധിച്ച് ഒരു കേസുള്ള കാര്യം അറിയാമല്ലോ.’’ സി.ഐ. ഗൗരവം വിടാതെ സൂചിപ്പിച്ചു.

“അറിയാം സാർ. നമുക്ക് മുറിയിലിരുന്നു സംസാരിക്കാം സാർ. കയറിവാ.” അവൻ ക്ഷണിച്ചു.

പൊലീസുദ്യോഗസ്ഥർ വീട്ടിലേക്കു കയറി. റോണി അവരെ സ്വീകരണമുറിയിൽ ആനയിച്ചിരുത്തി.

“ഇവിടെയിപ്പോൾ തനിച്ചായിരിക്കും.” മോഹൻ തോമസ് തിരക്കി.

“അതെ. കഴിഞ്ഞ ദിവസം വരെ ചേച്ചിയിവിടെയുണ്ടായിരുന്നു. പപ്പാ ഹോസ്പിറ്റലിലായതുകൊണ്ട് ഇപ്പം അവിടെ സഹായത്തിനു നിൽക്കുകാ.”

‘‘മാത്തുക്കുട്ടിക്കു നിങ്ങൾ രണ്ടു മക്കളാണല്ലേ?”

“അതെ, സാർ.”

“ജോസ് പൂർണമായും ഒരു മനോരോഗിയാ. ആ കൂടെ മാത്തുക്കുട്ടിയോടു വൈരാഗ്യവുമുണ്ടായി. അവന്റെ ആക്രമണത്തീന്നു രക്ഷപ്പെട്ടത് ഒരതിശയമാ. നാളെ രാവിലെ മുതൽ പ്രൊട്ടക്ഷൻ കൊടുക്കും.’’ ധാർഷ്ട്യം ഒട്ടും പ്രകടിപ്പിക്കാതെ മോഹൻ തോമസ് പറഞ്ഞു.

“എന്താ സാറന്മാർ വന്നത്?” ഉത്കണ്ഠയോടെ റോണി തിരക്കി.

“തന്റെ ഭാര്യയാണല്ലോ മരിച്ചത്. മരണകാരണം കൈഞരമ്പു മുറിഞ്ഞ് രക്തം വാർന്നുപോയതുകൊണ്ടാണെന്നു മാത്രമേ പോസ്റ്റുമോർട്ടം റിപ്പോർട്ടിലുള്ളൂ. ആത്മഹത്യയാണെന്നോ, അല്ലെന്നോ റിപ്പോർട്ടിൽ സ്ഥിരീകരിക്കുന്നില്ല. ആ നിലയ്ക്ക് റോണിയെ ക്വസ്റ്റ്യൻ ചെയ്യാനാണ് ഞങ്ങളെത്തിയത്. എല്ലാക്കാര്യങ്ങളും ഒന്നും മറച്ചുവയ്ക്കാതെ പറയണം.” സർക്കിൾ ഇൻസ്പെക്ടർ ഗൗരവപൂർണമായ ശബ്ദത്തിൽ പറഞ്ഞു.

“പറയാം സാർ. എനിക്കറിയാവുന്നതെല്ലാം പറയാം.” റോണിക്കു നേരിയ വിമ്മിട്ടമുണ്ടായി.

‘‘നിങ്ങൾ ബിടെക്കിന് ഒരുമിച്ചു പഠിച്ചവരാണോ?”

“ഒരു കോളജിൽ, ഒരേ കാലഘട്ടത്തിൽ പഠിച്ചിരുന്നതേയുള്ളൂ. ഞാൻ ഇലക്ട്രോണിക്സും അവൾ സിവിലുമായിരുന്നു.”

“ഇഷ്ടമായതെന്നു മുതൽക്കാ?”

“രണ്ടാംവർഷത്തിൽ ഞങ്ങളൊരുമിച്ച് യൂണിയൻ ഭാരവാഹികളായിരുന്നു. അങ്ങനെയാണടുപ്പമുണ്ടായത്.”

‘‘കല്യാണത്തിന് റോണിയുടെ വീട്ടുകാർ എതിരായിരുന്നു”

‘‘അതേ. അവളുടെ ഫാദറിന്റെ അസുഖവിവരം പപ്പാ തിരക്കിയറിഞ്ഞു. അതുകൊണ്ടാ എതിർത്തതും വീട്ടീന്നു ഞങ്ങളെ ചാടിച്ചതും.”

“ചേച്ചിയുടെ കല്യാണം നടക്കാത്തതെന്താ?”

‘‘ഒത്തിരി ആലോചനകൾ ചേച്ചിക്കു വന്നതാ. വരുന്നതൊന്നും ഒപ്പത്തിനൊള്ള ബന്ധമല്ലെന്നും പറഞ്ഞ് പപ്പാ തട്ടിക്കളഞ്ഞു. അങ്ങനെ പ്രായം കടന്നു. ഇപ്പം ആരും വരുന്നില്ല. വയസ്സ് മുപ്പത്തിയഞ്ചായി. ഇനി കല്യാണമേ വേണ്ടെന്നു ചേച്ചി തീരുമാനിച്ചിരിക്കുകാ.”

‘‘മാത്തുക്കുട്ടി ഒരു റഫ് പേഴ്സനാണല്ലേ?”

“സോഫ്റ്റല്ല.”

ഏതാനും നിമിഷം, സർക്കിൾ ഇൻസ്പെക്ടർ നിശ്ശബ്ദമായി റോണിയെ അടിമുടി നീരീക്ഷിച്ചിരുന്നു. അവന്റെ മുഖഭാവം, ചലനങ്ങൾ, ചേഷ്ടകൾ എല്ലാം അദ്ദേഹം വിലയിരുത്തുകയായിരുന്നു.

“റോണീ, എന്നു മുതലാണ് ജീനായുമായി അകൽച്ച തുടങ്ങിയത്?” സി.ഐ. അവനെ ഉറ്റുനോക്കിക്കൊണ്ടു ചോദിച്ചു.

“ഇല്ല. ഇല്ല സാർ... ഞങ്ങൾ തമ്മിൽ ഒരിക്കലും അകൽച്ചയുണ്ടായിട്ടില്ല. ഒരു കുഞ്ഞുപിണക്കം പോലുമുണ്ടായിട്ടില്ല.”

“എടോ... കൃത്യമായ അറിവോടെ, തെളിവുകളോടെ ഒരു കാര്യം ചോദിക്കുമ്പോൾ ഇങ്ങനെ പച്ചക്കള്ളം പറയരുത്.” സി.ഐ. മോഹൻതോമസിന്റെ ശബ്ദം കനത്തു. റോണിയുടെ നെറ്റിയിൽ വിയർപ്പു പൊടിഞ്ഞു.

(തുടരും)

## കളിക്കളം





ടോം കളപ്പുര

# ഇതിഹാസം ബൂട്ടഴിക്കുമ്പോൾ



**റൊ**ണാൾഡോ ബൂട്ടഴിക്കുന്നു. അതിദീർഘമായ കരിയറിനൊടുവിൽ പോർച്ചുഗീസ് ഇതിഹാസം കളിക്കളം വിടുന്നതിനെക്കുറിച്ചുള്ള സൂചനകൾ കഴിഞ്ഞ ദിവസം പുറത്തുവിട്ടു. മെക്സിക്കോയിലും യു.എസിലുമായി നടക്കുന്ന 2026 ലെ ലോകകപ്പിനുശേഷം താൻ കളി മതിയാക്കുകയാണെന്നായിരുന്നു റൊണാൾഡോ ഒരഭിമുഖത്തിൽ സൂചിപ്പിച്ചത്.

സോക്കർലോകത്തെ കരുത്തിന്റെ പര്യായമായാണ് നാല്പത്തിയൊന്നാം വയസ്സിലും റൊണാൾഡോ വിലയിരുത്തപ്പെടുന്നത്. ആധുനിക ഫുട്ബോളിൽ പവർ ഗെയിംകൊണ്ട് വിസ്മയം സൃഷ്ടിച്ച അതികായൻ. ഡ്രിംബ്ളിങ് മികവുകൊണ്ടും തനതായ ലാറ്റിനമേരിക്കൻ ഫുട്ബോൾ ചാരുതകൊണ്ടും ലോകജേതാവായ ലയണൽ മെസ്സി സമകാലികതാരങ്ങളിൽ ഏറ്റവും മുമ്പന്തിയിലുണ്ടാവും. പക്ഷേ, ആരാധകപിന്തുണയിലും അഗ്രസ്സീവായ കേളീമികവിലും റൊണാൾഡോയെ വെല്ലാൻ ആരാണുള്ളത്? വെടിയുണ്ടപോലുള്ള ലോങ് റേഞ്ചറുകൾ, എതിർപ്രതിരോധനിര മതിലുപോലെ നില്ക്കുമ്പോഴും മഴവില്ലുപോലെ പോസ്റ്റിലേക്കു പറന്നിറങ്ങുന്ന ഫ്രീ കിക്കുകൾ. പെനാൽറ്റി ബോക്സിൽ റൊണാൾഡോക്കൊപ്പം ചാടിനിൽക്കാൻ ശേഷിയുള്ള ഡിഫൻഡർമാർ ഇനിയും ജനിക്കേണ്ടിയിരിക്കുന്നു. പന്ത്രണ്ടടിയിലധികം ഉയർന്നുചാടി പന്തു വലയിലേക്ക് ഹെഡ്ഡ് ചെയ്യുന്ന റൊണാൾഡോയുടെ ചിത്രം പലവട്ടം നാം കണ്ടിട്ടുണ്ട്.

യൂറോ ഗ്രൂപ്പിൽ ക്വാളിഫൈയിങ് റൗണ്ടിൽ ഒന്നാമതുനിൽക്കുന്ന പോർച്ചുഗൽ അടുത്ത ലോകകപ്പിലുണ്ടാകുമെന്ന് ഏറെക്കുറെ ഉറപ്പാണ്. അതുകൊണ്ടാണ് ഈ ലോകകപ്പ് തന്റെ വിടവാങ്ങൽ വേദിയാകുമെന്ന് റൊണാൾഡോ മുൻകൂട്ടി പറഞ്ഞത്.

നേടാത്ത കിരീടങ്ങളില്ല പോർച്ചുഗീസ് ഇതിഹാസത്തിന്, ഒന്നൊഴികെ. ലോകകപ്പിൽ മുത്തമിടാൻ ഇതുവരെ റൊണാൾഡോയ്ക്കു കഴിഞ്ഞിട്ടില്ല എന്നതുകൊണ്ട് അദ്ദേഹം മെസ്സിയുടെ പിന്നിലാണെന്ന വിമർശനങ്ങളുണ്ട്. പക്ഷേ, ഏഴോ എട്ടോ മത്സരങ്ങൾ തുടർച്ചയായി ജയിക്കുന്നതു മാത്രമാണോ ലോകഫുട്ബോളറുടെ അളവുകോലെന്നു പറഞ്ഞ് റൊണാൾഡോ അതിനെ ചിരിച്ചുതള്ളുന്നു.


ഇതു തുടർച്ചയായി ആറാം തവണയാണ് റൊണാൾഡോ ലോകകപ്പിനെത്തുന്നത്. കിട്ടാക്കനിയായ ലോകകിരീടം ഇത്തവണ ഇതിഹാസത്തിന്റെ കൈപ്പിടിയിലൊതുങ്ങുമോയെന്നതാണ് ഉറ്റുനോക്കപ്പെടുന്നത്.

2006 ൽ സെമിയിലെത്തിയതാണ് വലിയ നേട്ടം. അന്നു റൊണാൾഡോയുടെ പോർച്ചുഗലിനെ ഫ്രാൻസ് വീഴ്ത്തിക്കളഞ്ഞു.

സിആർടി എന്ന് സോക്കർലോകത്ത് അറിയപ്പെടുന്ന പോർച്ചുഗീസ് ഇതിഹാസത്തിന്റെ റെക്കോർഡുകൾക്കൊപ്പമെത്താൻ ഇനിയുമൊരു താരം ജനിക്കണമെന്നതാണു വസ്തുത. ഫുട്ബോളിലെ പരമോന്നതപുരസ്കാരമായ ബാലൻ ഡി ഓർ (Ballon D'or) അഞ്ചുപ്രാവശ്യം നേടിയ മറ്റേതൊരു കളിക്കാരനാണുള്ളത്? നാലു യുറോപ്യൻ ഗോൾഡൻ ബൂട്ടുകൾ, മികച്ച കളിക്കാരനുള്ള ഫിഫാ അവാർഡ്, അഞ്ചു പ്രാവശ്യം യുറോകപ്പ് ഉൾപ്പെടെ മുപ്പത്തിനാലു കിരീടനേട്ടങ്ങൾ. ഏറ്റവും പ്രതിഫലം പറ്റുന്ന കായികതാരമെന്ന ബഹുമതി ഫോബ്സ് മാഗസിൻ നൽകിയത് അഞ്ചുതവണ. ഏറ്റവുമധികം ഇന്റർനാഷണൽ ഗോളുകൾ (143). ആകെ ഗോളുകളുടെ എണ്ണം 950. പട്ടിക ഇനിയും നീളും. ആധുനികഫുട്ബോൾ കണ്ട ഏറ്റവും പ്രതിഭാശാലിയായ കളിക്കാരനെന്ന പേര് റൊണാൾഡോയ്ക്കു ലോകം ചാർത്തിയത് വെറുതെയല്ലെന്ന് പുൽമൈതാനങ്ങളിലെ ഉജ്ജ്വലപോരാട്ടങ്ങൾക്കൊപ്പം ഈ മായ്ക്കപ്പെടാത്ത റെക്കോർഡുകളും അടിവരയിടുന്നു. ■

# ‘പ്രായം മറന്ന്’ സ്വർണം വാരിക്കൂട്ടി മാസ്റ്റേഴ്സ് താരം അലക്സ് മേനാംപറമ്പിൽ

പാലാ: നീന്തൽക്കുളത്തിൽ അലക്സ് മേനാംപറമ്പിലിനു പ്രായം വെറും നമ്പറുകൾ മാത്രം. ‘പഴകും തോറും വീഞ്ഞിന് വീര്യം കൂടും’ എന്ന പഴമൊഴിയെ അന്വർഥമാക്കി നീന്തൽമത്സരങ്ങളിൽ സ്വർണം വാരിക്കൂട്ടുകയാണ് ഈ 70 കാരൻ. കഴിഞ്ഞമാസം തിരുവല്ലയിൽ നടന്ന സംസ്ഥാന മാസ്റ്റേഴ്സ് നീന്തൽ ചാമ്പ്യൻഷിപ്പിൽ 70 വയസ്സിനു മുകളിലുള്ളവരുടെ നീന്തൽമത്സങ്ങളിൽ 3 സ്വർണവും 2 വെള്ളിയും കരസ്ഥമാക്കിയതാണ് നേട്ടങ്ങളുടെ പട്ടികയിൽ ഒടുവിലത്തേത്. കഴിഞ്ഞ 10 വർഷവും 60 വയസ്സിന്റെ കാറ്റഗറിയിലും, 65 വയസ്സിന്റെ കാറ്റഗറിയിലും പങ്കെടുത്ത് രണ്ടു ഡസനോളം സ്വർണവും വെള്ളിയും അലക്സ് നേടിയിട്ടുണ്ട്. 70 ന്റെ കാറ്റഗറിയിൽ പങ്കെടുക്കുന്നത് ആദ്യമായാണ്. പഠനകാലത്തു സർവകലാശാലാതലത്തിൽ നീന്തൽമത്സരത്തിൽ വിജയിച്ച കരുത്തും കൈമുതലാക്കിയാണ് അലക്സ് ഇക്കുറി നീന്തൽക്കുളത്തിൽ മത്സരിക്കാനിറങ്ങിയത്. 34 വർഷത്തെ ഇടവേള അലക്സിന്റെ കായികക്ഷമതയെ തെല്ലും ബാധിച്ചിട്ടില്ലെന്നു തെളിയിക്കുന്നതാണ് തുടർച്ചയായുള്ള ഈ വിജയങ്ങൾ.



പാലാ തോപ്പൻസ് നീന്തൽഅക്കാദമിയിൽ ഒന്നിടവിട്ട ദിവസങ്ങളിൽ മുതിർന്ന നീന്തൽതാരങ്ങൾക്കൊപ്പം പരിശീലനം നടത്തുന്നത് അലക്സിന്റെ പതിവാണ്. ചിട്ടയായ പരിശീലനവും മത്സരങ്ങളോടുള്ള അഭിനിവേശവുമാണ് സംസ്ഥാനതലത്തിൽ നേട്ടങ്ങൾ കൊയ്യാൻ അദ്ദേഹത്തിനു പ്രചോദനമാകുന്നത്. എസ്ബിഐ ബാങ്കിലെ റിട്ട. ജീവനക്കാരനാണ് അലക്സ്. പാലായുടെ സാമൂഹികസാംസ്കാരികരംഗത്തെ നിറസാന്നിധ്യമാണദ്ദേഹം. വൈഎംസിഎയുടെ ദീർഘകാലത്തെ പ്രസിഡന്റായും, സെന്റ് തോമസ് കോളജ് അലുംമിനി അസോസിയേഷന്റെ സ്ഥാപനകാലം മുതൽ 24 വർഷത്തെ സെക്രട്ടറിയായും പ്രവർത്തിച്ചു. വെള്ളിയേപ്പള്ളി സെവൻ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ ദീർഘകാലപ്രസിഡന്റുമായിരുന്നു. പ്രായം തെല്ലും തളർത്താത്ത അലക്സ് മേനാംപറമ്പിൽ സാമൂഹികമാധ്യമങ്ങളിലും സജീവമാണ്. പേരക്കുട്ടികളോടൊപ്പം മഴയിൽ തുള്ളിക്കളിക്കുന്ന അലക്സിന്റെ വീഡിയോകൾ അടുത്തിടെ സമൂഹമാധ്യമങ്ങളിൽ വൈറലായിരുന്നു. സെന്റ് തോമസ് കോളജിന്റെ പ്ലാറ്റിനം ജൂബിലിയുമായി ബന്ധപ്പെട്ടു നടത്തിയ മാരത്തൺ ഓട്ടത്തിൽ അലക്സും അദ്ദേഹത്തിന്റെ മക്കളും കൊച്ചുമക്കളും മൂന്നുമാസം പ്രായമുള്ള അന്നക്കുട്ടിയുമുൾപ്പെടെ മൂന്നു തലമുറയിലെ എട്ടു പേർ പങ്കെടുത്തത് അന്ന് സംസ്ഥാനതലത്തിൽ ശ്രദ്ധ നേടിയിരുന്നു. അന്നമ്മ പെരുമാലിലാണ് ഭാര്യ. പാമ്പാടി ആർഐടി എൻജിനീയറിങ് കോളജ് അധ്യാപകൻ ചെറി എം. മേനാംപറമ്പിൽ, ആലുവ ചൂളയ്ക്കൽ അന്ന, കടപ്ലാമറ്റം നെല്ലിക്കുന്നിൽ സിസി എന്നിവരാണ് മക്കൾ. ഭാര്യയുടെയും മക്കളുടെയും നിർലോപമായ പിന്തുണയും പ്രോത്സാഹനവുമാണ് സുവർണനേട്ടങ്ങൾക്കു കരുത്താകുന്നതെന്ന് അലക്സ് മേനാംപറമ്പിൽ പറയുന്നു.

ബാലനോവൽ 10

# പൊന്നിവനത്തിലെ കഴുത



നിഥിൻകുമാർ ജെ.

“മീനല്ലേ അത്.. മീൻ ഇവിടെ എങ്ങനെ വന്നു?” നായകൾ രണ്ടും അതിശയത്തോടെ മീൻ മണത്തു നോക്കി.

“ആഹാ. നല്ല രസികൻ മീൻ.”

“അതെയതെ. അസൽ മീൻ. നമുക്ക് ഇതു തിന്നാലോ?”

“ഞാനും അതാ വിചാരിക്കുന്നത്. എനിക്കു നല്ല വിശപ്പും തോന്നുന്നുണ്ട്.”

“പക്ഷേ നമ്മുടെ യജമാനൻ കണ്ടാൽ പ്രശ്നം ആകില്ലേ?”

“ആകും. ഈ സമയത്തെ ജോലി വീടിനു ചുറ്റും കറങ്ങുന്നതല്ലേ. ഈ സമയത്തു നമ്മൾ മീൻ തിന്നുന്നതു കണ്ടാൽ നമ്മുടെ കഥ കഴിയും.”

“പക്ഷേ ഈ മീൻ കിടക്കുന്നതു കാണുമ്പോൾ എങ്ങനെ കഴിക്കാതെയിരിക്കും?”

പെട്ടെന്ന് കുറച്ചു മാറി മറ്റൊരു മീൻകൂടി വീണുകിടന്നു.

“ദേ നോക്ക്... മറ്റൊരു മീൻ.”

“എന്തായാലും നമുക്ക് തിന്നാം... ഒരു മീൻ തിന്നാൻ കുറച്ചു സമയം മതിയല്ലോ.”

ജിമ്മിയും കൈസറും വീണുകിടന്ന മീനുകൾ കഴിക്കാൻ തുടങ്ങി.

“ആഹാ.. നല്ല രുചിയുണ്ട്.”

“അതെയതെ.”

“എന്നാലും ഈ മീനുകൾ എങ്ങനെ ഇവിടെ വന്നു?”

ജിമ്മി മീൻ കഴിക്കുന്നതിന്റെ ഇടയിൽ ചുറ്റും നോക്കിക്കൊണ്ടു ചോദിച്ചു.

“അതൊക്കെ നമ്മൾ എന്തിനാണ് അറിയുന്നത്?”

അവർ മീനുകൾ ആസ്വദിച്ചു കഴിച്ചു. മീൻ കഴിച്ചുതീർന്നതും വീണ്ടും തറയിലേക്കു മീനുകൾ വീണുതുടങ്ങി. ജിമ്മി മുകളിലേക്കു നോക്കി.

‘എടാ കൈസറേ.. എനിക്കു തോന്നുന്നു. മുകളിൽക്കൂടി മീനുമായി പോകുന്ന ഏതോ പക്ഷിയുടെ കയ്യിൽനിന്നും വീണുപോയതാണ്.’’ തുടർച്ചയായി കാക്കകൾ മീനുകൾ താഴേക്ക് ഇട്ടു പോയി.

“ആഹാ... ഇന്നു നല്ലൊരു ദിവസംതന്നെ” അവർ സന്തോഷത്തോടെ മുന്നോട്ടു ചെന്നു. ഓരോ മീനുകളും തിന്നുതുടങ്ങി. വീണ്ടും മീനുകൾ വീണു.

“ഇതൊരു അത്ഭുതം തന്നെ.” നായകൾ സന്തോഷത്തോടെ പരസ്പരം നോക്കി. അപ്പോഴേക്കും കുറച്ചു ദൂരം നായകൾ രണ്ടും മീൻ തിന്നു തിന്നു മുന്നോട്ടു പോയിരുന്നു. ഇതുതന്നെ തക്കമെന്നു തിരിച്ചറിഞ്ഞ കീര അകത്തേക്കു കയറി. പിന്നാലെ റായലും. ഗെയിറ്റു കടന്നതും ഇരുവരും ഓടിയൊരു മരത്തിന്റെ മറവിൽ പതുങ്ങി.

“ഇപ്പോൾ നായകൾ വന്നാൽ നമ്മുടെ കഥ കഴിയും.” കീര പറഞ്ഞു.

“വരില്ല. കാക്കകൾ ഇപ്പോഴും മീനുകൾ ഇട്ടു കൊടുക്കുന്നുണ്ട്.”

“അതെ പക്ഷേ, അപകടം എപ്പോഴും മുന്നിലുണ്ട്. നമുക്ക് ആ ടാങ്കിന്റെ മുകളിൽ ഒളിക്കാം. നായകൾക്ക് അങ്ങോട്ടു കയറാൻ പറ്റില്ല.”

കുറച്ചുമാറി അല്പം ഉയരത്തിലായി ഒരു ടാങ്ക് ചൂണ്ടി കീര പറഞ്ഞു.

“പക്ഷേ, അത്രയും ഉയരത്തിൽ കയറാൻ എനിക്കു പാടാണ്.’’ റായൽ വിഷമത്തോടെ പറഞ്ഞു.

“നിനക്കു പറ്റും.” കീര ആത്മവിശ്വാസം നൽകി.

“നമ്മൾ ഇവിടെ ഇങ്ങനെ നിൽക്കുന്നത് അപകടമാണ്. ഡോസി കിടക്കുന്ന സ്ഥലം നമ്മുടെ അടുത്തുനിന്നു ദൂരെയല്ലേ. അതിന്റെ ഇടയ്ക്ക് ആകെയുള്ളത് ആ ടാങ്കാണ്. അവിടെയാണ് നമുക്ക് ആകെ ഒളിക്കാൻ പറ്റുന്ന സ്ഥലം.”

കീര പറഞ്ഞതുകേട്ടപ്പോൾ റായൽ തീരുമാനിച്ചു.




അപ്പോഴേക്കും മീനുകളെല്ലാം കഴിച്ച് നായകൾ രണ്ടും തളർന്നു.

“അമ്പോ. എനിക്കിനി തിന്നാൻ വയ്യാ. വയറു നിറഞ്ഞു തുളുമ്പി. എവിടേലും ഒന്നു കിടന്നാൽ മതി.”

“എനിക്കും അങ്ങനെതന്നെയാണ്.” അവർ മീൻ കഴിക്കുന്നതു നിർത്തി.

അതേസമയം ടാങ്കിന്റെ മുകളിൽ കയറിയ കീരയും റായലും പതിയെ ഡോസിയുടെ അടുത്തേക്കു ചെന്നു. വളരെ ഭയത്തിലാണ് അവർ കഴുതയുടെ അടുത്തേക്ക് എത്തിയത്. പട്ടികൾ കണ്ടാൽ കഥ കഴിയുമല്ലോ. കൂടിന്റെ മുന്നിൽ നിന്നുകൊണ്ട് കീര വിളിച്ചു:

“ഡോസീ... ഡോസീ...’’ അവൻ മറ്റൊരു ഭാഗത്തേക്കു നോക്കിനിൽക്കുകയായിരുന്നു. കീരയുടെ വിളികേട്ടതും പെട്ടെന്നു തിരിഞ്ഞ ഡോസിക്ക് ഒരുപാട് സന്തോഷം തോന്നി. അപ്പോഴും കീരയും തേളും ചുറ്റും വീക്ഷിക്കുന്നുണ്ട്, ജിമ്മിയും കൈസറും വരുന്നുണ്ടോ എന്ന്.

“നിങ്ങളെന്താ ഇവിടെ?’’ ഡോസി ചോദിച്ചു.

“ഞങ്ങൾ നിന്നെ സഹായിക്കാൻ വന്നതാണ് കൂട്ടുകാരാ.” തേളാണു പറഞ്ഞത്.

“എന്നെയോ? എങ്ങനെ?’’ ഡോസിക്കു സംശയമായി.

“അതൊക്കെയുണ്ട്. നിനക്കു ഞങ്ങളെക്കാൾ ബുദ്ധിയുണ്ടെന്ന് അറിയാം. അതുകൊണ്ടുതന്നെ ഇവിടെനിന്ന് ഇറങ്ങുന്നതിനെപ്പറ്റി ഞങ്ങൾ പറഞ്ഞുതരേണ്ട കാര്യമില്ല. പക്ഷേ, ഗ്രാമത്തിൽനിന്നു സുരക്ഷിതമായി സ്വന്തം കാട്ടിലേക്കു പോകാനാണ് നിനക്കു ഞങ്ങളുടെ സഹായം ആവശ്യമുള്ളത്... അല്ലേ?”

കീര പറഞ്ഞതുകേട്ടപ്പോൾ സത്യത്തിൽ ഡോസി അമ്പരന്നുപോയി. തന്റെ മനസ്സ് വായിച്ചപോലെയാണ് കീര കാര്യങ്ങൾ പറഞ്ഞത്.

“അതെ.” ഡോസി മറുപടി പറഞ്ഞു.

“എങ്കിൽ നീ ഇവിടെ സുരക്ഷിതമായി ഇരിക്ക്... നിന്നെ ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ട്. നീ എപ്പോഴാണോ ഇവിടെനിന്നു ചാടുന്നത്. അപ്പോൾത്തന്നെ ചിലതു ഞങ്ങൾ ചെയ്യുന്നുണ്ട്. ഞങ്ങളുടെ പദ്ധതി പറഞ്ഞുതരാം. അതനുസരിച്ചു നിന്നാൽ മതി.”

അത്രയും പറഞ്ഞിട്ട് കീര, ഡോസിയോടു ചിലതെല്ലാം പറഞ്ഞുകൊടുത്തു. എല്ലാം ശ്രദ്ധയോടെ ഡോസി കേട്ടു. റായൽ ചുറ്റും നോക്കുന്നുണ്ട്.

“കീര... നമുക്കു പോകാൻ സമയമായി... നായകൾ ഏതു സമയത്തും മുന്നിൽ വരും.”

എല്ലാം കീര പറഞ്ഞതിനു ശേഷം പോകാനായി ഇറങ്ങുന്ന നേരം ഒരു കാര്യം കൂടി പറഞ്ഞു:

“നിന്നെ സഹായിക്കാൻ ഞങ്ങളുണ്ട്. ധൈര്യമായിരിക്ക്.”

“ഇവിടെനിന്നു പുറത്തിറങ്ങിയാൽ പെട്ടെന്ന് നിനക്കു ഗ്രാമത്തിന്റെ അതിർത്തി കടക്കാൻ കഴിയില്ല. കാരണം നമ്മൾ മനുഷ്യന്മാർക്കൊപ്പമാണ് പോരാടുന്നത്. അവരുടെ ബലം നമ്മളെക്കാൾ കൂടുതലാണ്. പക്ഷേ, നിന്നെ ഞങ്ങൾ നിനക്ക് എത്തേണ്ട സ്ഥലത്ത് എത്തിക്കും. തീർച്ച.” റായൽ അത്രയും പറഞ്ഞുകൊണ്ടാണ് പോയത്. പോകും മുമ്പ് ഒരു കാര്യം കൂടി പൂച്ച പറഞ്ഞു:

“ഡോസീ... നീ എന്തു ചെയ്യുന്നതിനു മുമ്പും ഞങ്ങളോടു പറയണേ. കാരണം, കാട്ടിലേക്കുള്ള വഴികൾ എല്ലാം ആളുകൾ അടച്ചു കഴിഞ്ഞു. ഇനി പെട്ടെന്നു വനത്തിലേക്കു പോകാൻ പറ്റില്ല.”

*(തുടരും)*

---

## ശ്രേഷ്ഠമലയാളം



ഡോ. ഡേവിസ് സേവ്യർ

## ആധാരിക

**ഏ**തൊരു വസ്തുവിനും സ്ഥിതി ചെയ്യാൻ ഒരു ഇടം ആവശ്യമുണ്ട്. അതാണ് ആധാരം. എന്തിൽ അല്ലെങ്കിൽ എവിടെ സ്ഥിതി ചെയ്യുന്നു എന്നതിനെ ആധാരം കുറിക്കുന്നു. ആധാരത്തിൽ സ്ഥിതി ചെയ്യുന്നതെന്തും ആധേയമാണ്. വയ്ക്കപ്പെടുന്നത് എന്നു പദാർഥം. ആധാരാധേയങ്ങൾ എപ്പോഴും ഒരേ മട്ടിൽ ആയിക്കൊള്ളണമെന്നില്ല. മനുഷ്യന് പൂന്തോട്ടത്തിൽ ഇരിക്കാം. അവിടംതന്നെ കുയിലിനും വണ്ടിനും അണ്ണാനുമൊക്കെ ഇരിപ്പിടമാകാം. അപ്പോൾ ഇരിക്കുന്ന മനുഷ്യനും തിര്യക്കുകൾക്കും പൂന്തോട്ടം ആധാരമാകുന്നു. ഒരു വ്യക്തിയുടെ തോളിലാണ് അണ്ണാൻ ഇരിക്കുന്നതെങ്കിൽ വ്യക്തിയുടെ തോൾ ആധാരവും അണ്ണാൻ ആധേയവും ആകുന്നു. ആധാരാധേയങ്ങൾ തിരിച്ചും മറിച്ചും വരാമെന്നു ചുരുക്കം.

ആധാരാധേയബന്ധം പലവിധം വരാം. ആധേയത്തിന് ആധാരത്തിന്റെ കുറച്ചു സ്ഥലം മാത്രം മതിയെങ്കിൽ അത് ഔപശ്ലേഷികം. ഉപശ്ലേഷിക്കുന്നത് അഥവാ സ്പർശിക്കുന്നത് ഔപശ്ലേഷികം. ഉദാഹരിക്കാം. പുഷ്പതല്പത്തിൽ നീ വീണുറങ്ങി/ സ്വപ്നമായ് നിദ്രയിൽ ഞാൻ തിളങ്ങി”[1] (ചിത്രം, അഭിനന്ദനം). പുഷ്പതല്പത്തിൽ വീണുറങ്ങാൻ ഇത്തിരി സ്ഥലം മതിയല്ലോ. പുഷ്പതല്പം ആധാരവും വീണുറങ്ങിയ ആൾ ആധേയവുമാകുന്നു. ആധാരത്തിന്റെ മുഴുവൻ ഇടവും ആധേയം അപഹരിക്കുന്നത് സർവ്വാശ്ലിഷ്ടം. അഭിവ്യാപകം എന്നു നാമാന്തരം. “ചന്ദനത്തിൽ കടഞ്ഞെടുത്തൊരു/ സുന്ദരീശില്പം/ മഞ്ഞുതുള്ളികൾ തഴുകിയൊഴുകും മധുരഹേമന്തം”[2] (ചിത്രം, ശാസ്ത്രം ജയിച്ചു മനുഷ്യൻ തോറ്റു). ഇവിടെ ചന്ദനം ആധാരവും ശില്പം ആധേയവുമാകുന്നു. ആധേയം ഒരു വിഷയമാണെങ്കിൽ വൈഷയികം. വിഷയം സംബന്ധിച്ചത് വൈഷയികം. “ആ നിമിഷത്തിന്റെ നിർവൃതിയിൽഞാ/നൊരാവണിത്തെന്നലായ് മാറി.”[3] (ചിത്രം - ചന്ദ്രകാന്തം). ഇവിടെ നിമിഷം ആധാരവും നിർവൃതി ആധേയവും ആകുന്നു. ആധാരാധേയങ്ങളോടാണ് ആധാരികാവിഭക്തിപ്രത്യയമായ ‘ഇൽ’ ചേരുന്നതെന്ന് ശ്രദ്ധിച്ചുകാണുമല്ലോ. അങ്ങനെ മൂവിധത്തിലാണ് ആധാരിക പ്രവർത്തിക്കുന്നത്. ക്രിയാനിർവഹണത്തിന്റെ സ്ഥലകാലങ്ങൾ അധികരണകാരകമാകുന്നു. ഇങ്ങനെ വിഭക്തിയും കാരകവും പാരസ്പര്യത്തോടെ വർത്തിച്ചാണ് അർഥവൈചിത്ര്യങ്ങൾ സൃഷ്ടിക്കുന്നത്.

1,2,3 – ശ്രീകുമാരൻതമ്പി, ഹൃദയസരസ്സ് (തിരഞ്ഞെടുത്ത 10001 ഗാനങ്ങൾ) ഡി.സി. ബുക്സ്, കോട്ടയം 2008, പുറം – 160,43,25.

---

മിനിക്കഥ

എം ഡി വിശ്വംഭരൻ

## അച്ഛന്റെ ഗന്ധം

അയാൾ കൈകഴുകി ഭക്ഷണത്തിനായി ഡൈനിങ് ടേബിളിനെ സമീപിക്കുമ്പോൾ അവിടെയിരുന്നു ഭക്ഷണം കഴിക്കുകയായിരുന്ന മകൻ പ്ലേറ്റും എടുത്ത് അകലെ മാറി ഒരു കസേരയിൽ ഇരുന്നുകഴിക്കാൻ തുടങ്ങി. അതു കണ്ടപ്പോൾ മകളും അതുപോലെതന്നെ പ്രവർത്തിച്ചു, അയാൾ അസ്വസ്ഥനായി ചോദിച്ചു: എന്താണ് കുറച്ചുദിവസമായി ഞാൻ ആഹാരം കഴിക്കാൻ വരുമ്പോൾ നിങ്ങൾ മാറിപ്പോകുന്നത്? മകൻ പറഞ്ഞു:

“അച്ഛാ, ആഹാരം കഴിക്കുന്നത് നല്ല ഒരു അന്തരീക്ഷത്തിലാകണം. ഇവിടെ അച്ഛന്റെ വിയർപ്പുമണവും അറക്കപ്പൊടിയുടെ ഗന്ധവുമേറ്റ് എങ്ങനെയാണ് സ്വസ്ഥമായി ആഹാരം കഴിക്കുന്നത്?”

അപ്പോൾ മകളെ നോക്കിയപ്പോൾ അവളും കുനിഞ്ഞിരുന്ന് ആഹാരം കഴിക്കുന്നു.

“അതിന്... ഞാൻ കുളിച്ചതാണല്ലോ, മാത്രമല്ല ഒരാഴ്ചയിൽ അധികമായി മില്ലിൽ പണിക്കു പോയിട്ട്. പിന്നെ...”

ഉടൻ ഭാര്യ ശ്യാമള ഇടപെട്ടു: “പിള്ളേര് പറയുന്നത് നേരാ. നിങ്ങളെ വല്ലാത്ത നാറ്റമാണ്.”

അപ്പോൾ അയാൾ ഓർക്കുകയായിരുന്നു: കുറെ വർഷങ്ങൾക്കു മുമ്പ് പണമോ പണ്ടമോ ഒന്നുമില്ലാതെ അവൾ തന്നോടൊപ്പം വരുമ്പോൾ ആ കാലങ്ങളിൽ തന്റെ ശരീരത്തിലേക്കു പടർന്നുകയറിക്കൊണ്ട് പറയുമായിരുന്നു: ഈ ഗന്ധം എനിക്കിഷ്ടമാണ്. ഇപ്പോൾ മക്കൾക്കു ജോലിയായി, വരുമാനവും. കഴുത്തിലും കൈയിലും ഒക്കെ നിറയെ ആഭരണങ്ങളും. അയാൾ പുതിയ കാലത്തിന്റ അവസ്ഥയോർത്തു നെടുവീർപ്പിട്ടു.

കഥ

# അമ്മയില്ലാത്ത വീട്



ബിനു സുതൻ

**പാ**തിരാത്രിയിലെ ഏതോ ഒരു നേരം, വീടിന്റെ മൂലയിൽ നിന്നും നേർത്ത ഒരു തേങ്ങൽ ഉയർന്നു. ഒമ്പതുവയസ്സുകാരൻ ഉണ്ണിയാണ്. അവൻ കമിഴ്ന്നു കിടന്ന് തലയിണയിൽ മുഖമമർത്തി കരയുകയാണ്. അടുത്തുറങ്ങുന്ന അച്ഛൻ കേൾക്കരുതല്ലോ.

അവന്റെ വീട്... അതൊരു വീടായിരുന്നോ? ഉണ്ണിക്ക് ഇപ്പോൾ തോന്നുന്നത് അതൊരു മൂകമായ കെട്ടിടം പോലെയാണെന്നാണ്. ചുമരുകളിൽ അപ്പോഴും അമ്മയുടെ ചിരിക്കുന്ന ചിത്രം തൂങ്ങിക്കിടപ്പുണ്ട്. പക്ഷേ, ആ ചിരിക്ക് ഇന്ന് ആ വീടിനു ജീവൻ കൊടുക്കാൻ കഴിയുന്നില്ല.



അമ്മ പോയിട്ട് ഒരു വർഷമായി. കാൻസർ എന്ന രോഗം പതിയെപ്പതിയെ അമ്മയെ ഉണ്ണിയിൽ നിന്നും അകറ്റി.അമ്മ പോയ ദിവസം മുതൽ ആ വീടിന്റെ താളം തെറ്റി.

പണ്ട്...

പുലർച്ചെ കോഴികൂവും മുമ്പേ അടുക്കളയിൽ അമ്മയുടെ തിരക്കുകൾ തുടങ്ങും. പലഹാരങ്ങളുടെ മണം, അമ്മയുടെ പാട്ടിന്റെ ഈണം, ഉണ്ണിയുടെ ബഹളം... അച്ഛൻ പത്രം വായിക്കുന്നതിന്റെ ചെറിയ ശബ്ദം. ഉണ്ണിയെ കുളിപ്പിച്ച്, ചോറ് വാരിക്കൊടുത്ത്, സ്കൂളിൽ വിടാനുള്ള ഓട്ടപ്പാച്ചിൽ.

ഇപ്പോൾ...

അച്ഛൻ വൈകി എഴുന്നേൽക്കുന്നു. എങ്ങനെയോ ഉണ്ടാക്കുന്ന കറിയും കഞ്ഞിയും. ഉണ്ണിക്കു വിശപ്പുണ്ടെങ്കിലും അച്ഛൻ ഉണ്ടാക്കുന്ന ആഹാരത്തിനൊന്നും അമ്മയുണ്ടാക്കുന്ന രുചിയില്ല. അവന്റെ സ്കൂൾ ബാഗ് എന്നും അടുക്കളയുടെ മൂലയിൽ അലസമായി കിടക്കും. അച്ഛൻ ജോലിക്കു പോയാൽ ഉണ്ണി ഒറ്റയ്ക്ക്. കളിക്കാൻ കൂട്ടുകാരുണ്ടെങ്കിലും, കളികഴിഞ്ഞെത്തുമ്പോൾ അവനെ കാത്തിരിക്കുന്നത് ശൂന്യമായ കസേരയും നിശ്ശബ്ദതയുമാണ്.

ഉറങ്ങാൻ നേരത്ത് അമ്മ അവന്റെ അടുത്തു കിടന്ന് കഥ പറയുമായിരുന്നു. ഇപ്പോൾ അച്ഛൻ ജോലി കഴിഞ്ഞുവന്ന് ക്ഷീണിച്ച് വേഗം ഉറങ്ങും. ഉണ്ണിക്ക് ഇരുട്ടിനെ പേടിയാണ്.

ഒരു ദിവസം സ്കൂളിൽ പോയി വരുമ്പോൾ ഉണ്ണിയുടെ ചെരുപ്പു പൊട്ടി. അവൻ ഒരു സൈക്കിൾകടയുടെ മുന്നിലിരുന്നു കരഞ്ഞു. കടയുടമ അവനെ കണ്ടു.

"എന്താ മോനേ കരയുന്നേ?" അയാൾ ചോദിച്ചു.

"ചെരുപ്പ്... ചെരുപ്പു പൊട്ടി." കരയുന്നതിനിടയിൽ "അമ്മ... എന്റെ അമ്മ" എന്നവൻ പറഞ്ഞുപോയി.

"മോന്റെ അമ്മ എവിടെ?"

ഉണ്ണി തലതാഴ്ത്തി. "അമ്മ പോയി."

ആ കടയുടമ ഉണ്ണിയെ ചേർത്തുപിടിച്ചു. അവന്റെ ചെരുപ്പ് തുന്നിക്കൊടുത്തു. അന്നു രാത്രി ഉറങ്ങാൻ കിടന്നപ്പോൾ ഉണ്ണി അച്ഛനോടു ചോദിച്ചു:

"അച്ഛാ, അമ്മയ്ക്ക് ഇനി ഒരിക്കലും തിരിച്ചുവരാൻ പറ്റില്ലേ?"

അച്ഛൻ അവന്റെ നെറുകയിൽ തലോടി. "ഇല്ല മോനേ, അമ്മയ്ക്ക് അതിനു കഴിയില്ല. പക്ഷേ, അമ്മ എപ്പോഴും നമ്മളെ നോക്കുന്നുണ്ട്. ഈ വീട്ടിൽ എപ്പോഴും അമ്മയുടെ സ്നേഹമുണ്ട്."

ഉണ്ണിക്ക് അതു വിശ്വസിക്കാൻ കഴിഞ്ഞില്ല.

"സ്നേഹമുണ്ടെങ്കിൽ പിന്നെന്താ ആ ചിരി കേൾക്കാത്തത്? ആ കൈകൾ അവനെ തലോടാത്തത്?"

പിറ്റേന്ന് ഉണ്ണി ഒരു തീരുമാനമെടുത്തു. അവൻ അവന്റെ മുറിയിലെ കളിവണ്ടികളും ബോളുകളും കുന്നുകൂട്ടി. അവൻ അതെല്ലാം അടുക്കിപ്പെറുക്കി വയ്ക്കാൻ തുടങ്ങി. അമ്മ അവനെ പഠിപ്പിച്ചതുപോലെ. നിലത്തു വീണ പൊടി അവൻ തന്നെ തുടച്ചുനീക്കി.

അച്ഛൻ വൈകുന്നേരം വന്നപ്പോൾ അദ്ഭുതപ്പെട്ടു. വീടിന് ഒരു മാറ്റം. അവന്റെ മുറി വൃത്തിയായി കിടക്കുന്നു. അടുക്കളയിൽ പാത്രങ്ങൾ കഴുകിവച്ചിരിക്കുന്നു. ഉണ്ണി അച്ഛനു വെള്ളം കൊടുത്തു.

"മോനാണോ ഇതൊക്കെ ചെയ്തത്?"

"അതെ അച്ഛാ. അമ്മ പറഞ്ഞിട്ടുണ്ട്, വീട് എപ്പോഴും വൃത്തിയായി ഇരിക്കണമെന്ന്. ഞാനൊറ്റയ്ക്കിരിക്കുമ്പോൾ എനിക്ക് അമ്മയെ ഓർമ്മ വരാൻ വേണ്ടി ചെയ്തതാ."

ആ നിമിഷം അച്ഛന്റെ കണ്ണുകൾ നിറഞ്ഞു. മകന്റെ വാക്കുകളിൽ അയാൾ അമ്മയുടെ സാന്നിധ്യം അറിഞ്ഞു.

അന്നു രാത്രി, അച്ഛൻ ഉണ്ണിയെ ചേർത്തുപിടിച്ച് ഉറങ്ങാൻ കിടന്നു. പതിവില്ലാത്തൊരു സമാധാനം ആ വീടിനെ പൊതിഞ്ഞു. ആ വീടിന്റെ ചുമരുകൾക്കുള്ളിൽ എവിടെയോ ഒരു മാറ്റം വന്നിരുന്നു. അമ്മയുടെ ചിരി വീണ്ടും നേരിയ ഒരിളംകാറ്റുപോലെ ആ വീടിനെ തഴുകി.

അമ്മയുടെ രൂപം അവിടെയില്ലായിരിക്കാം. പക്ഷേ, അമ്മ പഠിപ്പിച്ച കാര്യങ്ങൾ, അമ്മയുടെ സ്നേഹം, അതൊന്നും മരിച്ചിരുന്നില്ല. ഉണ്ണിയിലൂടെ, അച്ഛനിലൂടെ, ആ വീടിന്റെ ഓരോ കോണിലും അതു ജീവിക്കുന്നുണ്ടായിരുന്നു.

അമ്മയില്ലാത്ത ആ വീട്, പതിയെപ്പതിയെ അമ്മയുടെ ഓർമ്മകൾ നിറഞ്ഞ വീടായി മാറുകയായിരുന്നു. ■

---

കവിത

എം.എസ്. ചാമക്കാല



## തിരുനാൾ

ഇടവകപ്പള്ളിയിൽ തിരുനാളാണേ-
യിക്കുറി പൂരം പൊടിപൂരം!
ഇടതടവില്ലാതുയരുന്നുണ്ടേ
വെടിയുടെ നാദം ഇടിനാദം!
ആനകളൊരുങ്ങിയെത്തീട്ടുണ്ടേ-
യാളുകളനവധി കൂടീട്ടുണ്ടേ
ആയിരമായിരം ദീപങ്ങൾകൊ-
ണ്ടാതിരരാവായ്ത്തീർന്നിട്ടുണ്ടേ!
വാനം മുട്ടും വാണങ്ങൾ പല പല
വേലകൾ കാട്ടി വിലസുന്നേ!
കുടകൾ കൊടികൾ തഴകളോടെ
മോടിയോടിഹ പ്രദക്ഷിണമായി!
ബാന്റും കുഴലും താളവുമായി
പാന്റ്സു ധരിച്ചൊരു വനിതാടീം
അവരുടെ പിന്നിൽ താലവുമായി
അപ്സരമണികൾ വരവായി!
പരിചമുട്ടും മുട്ടാളന്മാർ
പരിചൊടു പിന്നിൽ കളിയായി
കരിവരനൊന്നിലെഴുന്നള്ളുന്നു
കരയുടെ നാഥൻ പ്രസുദേന്തി!
കരത്തിലുയർത്തിപ്പിടിച്ചിട്ടുണ്ടേ
കറപുരളാത്തൊരു പൊൻസ്ലീവാ
നേരും നെറിയും നോക്കിയൊരുക്കിയ
നേരെത്താത്തൊരു കുരിശാണേ!
കൂറോടതു പള്ളിക്കുള്ളിലെ
കൂടണയ്ക്കും ദിനമാണേ!
അതിനും പിന്നിലെത്തീടുന്നു
രൂപക്കൂടതിരമണീയം!
കണ്ണഞ്ചിപ്പോം ബൾബുകളാലേ
അകവും പുറവും മിന്നുന്നുണ്ടേ!
കൂടിരിക്കും ചുമലുകളൊന്നാ-
യങ്ങോട്ടിങ്ങോട്ടാടുന്നുണ്ടേ
കാലുകൾ മണ്ണിലുറയ്ക്കാതങ്ങനെ
പൊങ്ങിപ്പൊങ്ങിക്കാണുന്നേ!
ഇളകിയാടും കൂടിന്നുള്ളിൽ
പുണ്യാളച്ചനെ കാണ്മാനില്ല!
എന്തൊരു മായം മറിമായം!
എടുത്തുവയ്ക്കാൻ മറന്നതാണോ!
എടുപ്പും നടപ്പും കണ്ടു വെറുത്തി-
ട്ടോടിയൊളിച്ചു മറഞ്ഞതാണോ!
ആർക്കറിയാം? അറിഞ്ഞിട്ടെന്തറിയാൻ?
വിശുദ്ധനൊരാളില്ലേലെന്താ?
വിശ്വോത്തരമാം കൂടില്ലേ!
പണ്ടുപണ്ടേ കപ്പലിറങ്ങിയ
തച്ചൻ പണിഞ്ഞൊരു കൂടല്ലേ!
അത്തച്ചൻ കൊത്തിയെടുത്താ
കുരിശുള്ളൊരു കൂടല്ലേ!
അതാണു ഞങ്ങൾക്കെല്ലാമെല്ലാം
അതാണു ഞങ്ങൾക്കഭിമാനം!

Deepanalam Weekly
RNI No : 16998/68
Vol. 58 No. 37 Date of Publication 13 November 2025
Annual Subscription Rate ₹ 400 (For Abroad ₹ 4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org